2024 SEPTEMBER
28
SATURDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# കൊച്ചിയിൽ എംപോക്സ്; ജാഗ്രതയിൽ ആരോഗ്യവകുപ്പ്




തിരുവനന്തപുരം: സംസ്ഥാനത്ത് വീണ്ടും എംപോക്സ് സ്ഥിരീകരിച്ചു. എറണാകുളം സ്വദേശിയായ യുവാവിനാണ് രോഗം സ്ഥിരീകരിച്ചത്. വിദേശത്ത് നിന്നെത്തിയ യുവാവ് ഇപ്പോൾ ആശുപത്രിയിൽ ചികിത്സയിലാണ്.

എം പോക്സ് സ്ഥിരീകരിച്ച സാഹചര്യത്തിൽ ആരോഗ്യ മന്ത്രി വീണാ ജോർജിൻറെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി. രോഗിയുയി സമ്പർക്കത്തിൽ വന്നവരുടെ സമ്പർക്ക പട്ടിക തയ്യാറാക്കി പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമായിട്ടുണ്ട്. രോഗലക്ഷണങ്ങൾ പ്രകടമായതിന് ശേഷമാണ് പ്രധാനമായും രോഗം പകരുന്നത്. അതിനാൽ രോഗലക്ഷണങ്ങളുണ്ടായാൽ അത് മറ്റുള്ളവരിലേക്ക് പകരാതിരിക്കാൻ ശ്രദ്ധിക്കണം. വിദേശ രാജ്യങ്ങളിൽ നിന്നും വരുന്നവർക്ക് എന്തെങ്കിലും രോഗലക്ഷണങ്ങൾ ഉണ്ടായാൽ ചികിത്സ തേടുകയും ആരോഗ്യ വകുപ്പിനെ വിവരം അറിയിക്കുകയും വേണം. എല്ലാ ജില്ലകളിലും ഐസൊലേഷൻ സൗകര്യം ഒരുക്കിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

കൂടുതൽ കേസുകളുടെ സാധ്യത മുന്നിൽ കണ്ട് എല്ലാ ജില്ലകളിലും കൂടുതൽ ഐസൊലേഷൻ സൗകര്യങ്ങളൊരുക്കാൻ മന്ത്രി നിർദേശം നൽകി. പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന് ഫീൽഡ് ആരോഗ്യ പ്രവർത്തകരുടെ യോഗം ഉടനെ വിളിച്ച് ചേർക്കും.പനി, തീവ്രമായ തലവേദന, കഴലവീക്കം, നടുവേദന, പേശി വേദന, ഊർജക്കുറവ് എന്നിവയാണ് എം പോക്സിൻറെ പ്രാരംഭ ലക്ഷണങ്ങൾ. പനി തുടങ്ങി ഒരാഴ്ചയ്ക്കുള്ളിൽ ദേഹത്ത് കുമിളകളും ചുവന്ന പാടുകളും പ്രത്യക്ഷപ്പെടാൻ തുടങ്ങുന്നു. മുഖത്തും, കൈകാലുകളിലുമാണ് കൂടുതൽ കുമിളകൾ കാണപ്പെടുന്നത്. ഇതിനുപുറമെ കൈപ്പത്തി, ജനനേന്ദ്രിയം എന്നീ ശരീരഭാഗങ്ങളിലും ഇവ കാണപ്പെടാം.



## വീണ്ടും നേട്ടവുമായി തുറമുഖ വകുപ്പ്; വിഴിഞ്ഞം തുറമുഖത്തിന് സ്ഥിരം ഐഎസ്പിഎസ് കോഡ്

**തിരുവനന്തപുരം:** വിഴിഞ്ഞം രാജ്യാന്തര തുറമുഖത്തിന് ഐക്യരാഷ്ട്ര സംഘടനയ്ക്കു കീഴിലുള്ള ഇന്റർനാഷനൽ മാരിടൈം ഓർഗനൈസേഷൻ നിർദ്ദേശിക്കുന്ന ഐഎസ്പിഎസ് (ഇന്റർനാഷനൽ ഷിപ്പിങ് ആൻഡ് പോർട്ട് സെക്യൂരിറ്റി കോഡ്) അംഗീകാരം ലഭിച്ചു. കേന്ദ്രസർക്കാരിന്റെ മിനിസ്ട്രി ഓഫ് ഷിപ്പിങ് ആൻഡ് പോർട്ടിന്റെ കീഴിലുള്ള മറൈൻ മർച്ചന്റ് ഡിപ്പാർട്ട്മെന്റ് ആണ് ഈ അംഗീകാരം നൽകുന്നത്.

കഴിഞ്ഞ ഡിസംബറിൽ താൽക്കാലിക അംഗീകാരം ലഭിച്ചിരുന്നു. ഉദ്യോഗസ്ഥരുടെ തുടർ പരിശോധനകൾക്കുശേഷമാണു സ്ഥിരം അംഗീകാരം ലഭിച്ചത്. ഇതോടുകൂടി വിഴിഞ്ഞം തുറമുഖം പൂർണ തോതിൽ പ്രവർത്തനസജ്ജമാക്കുന്നതിന്റെ ഒരു ഘട്ടം കൂടി പൂർത്തിയായി.

രാജ്യാന്തര കപ്പൽ മേഖലയിൽ നിർബന്ധമായും പാലിക്കേണ്ട സുരക്ഷ നിർദ്ദേശങ്ങളും തുറമുഖ അധികാരികൾ, കപ്പൽ കമ്പനികൾ എന്നിവർ പാലിക്കേണ്ട നാവിക തുറമുഖ സുരക്ഷ നിർദേശങ്ങളും പരിശോധിച്ചാണ് ഈ അനുമതി ലഭിക്കുന്നത്. രാജ്യാന്തര കപ്പലുകൾക്ക് സർവീസിന് ഉപയോഗിക്കണമെങ്കിൽ ഐഎസ്പിഎസ് അംഗീകാരം ആവശ്യമാണ്.

കാർഗോ അതിവേഗ ക്രാഫ്റ്റ്, ബൾക്ക് കാരിയർ, ചരക്ക് കപ്പൽ എന്നിവയ്ക്ക് വിഴിഞ്ഞത്തു നങ്കൂരമിടാനുള്ള അനുമതിയാണ് ഇതോടെ ലഭിക്കുന്നത്. സംസ്ഥാനത്തിന്റെ പശ്ചാത്തല വികസനത്തിൽ ഈ നേട്ടം വലിയ നാഴികക്കല്ലാകുമെന്ന് മന്ത്രി വി.എൻ. വാസവൻ അറിയിച്ചു.

## ജിഎസ്ടി നിരക്കുകൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച സാധ്യതതേടി മന്ത്രിമാരുടെ സംഘം




**ന്യൂദൽഹി:** ജിഎസ്ടി നിരക്കുകൾ യുക്തിസഹമാക്കുന്നതിന്റെ ഭാഗമായി 100 ലധികം ഇനങ്ങളുടെ നികുതി നിരക്കുകൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച സാധ്യത മന്ത്രിമാരുടെ സംഘം അവലോകനം ചെയ്തു. ഒക്ടോബർ 20ന് നടക്കുന്ന യോഗത്തിൽ ഇതുസംബന്ധിച്ച് അന്തിമ തീരുമാനമെടുക്കും. അതേസമയം, ആരോഗ്യലൈഫ് ഇൻഷുറൻസ് പ്രീമിയത്തിൻമേലുള്ള ജിഎസ്ടി നിരക്ക് കുറയ്ക്കുന്നത് സംബന്ധിച്ച് തീരുമാനമായില്ല. ഒക്ടോബർ 19ന് ഇക്കാര്യം വീണ്ടും ചർച്ച ചെയ്യും.

അവശ്യ സാധനങ്ങളുടെ ജിഎസ്ടി 12 ശതമാനത്തിൽനിന്ന് അഞ്ച് ശതമാനമായി കുറയ്ക്കുന്നകാര്യം പരിഗണനയിലാണെന്ന് പശ്ചിമ ബംഗാൾ ധനമന്ത്രി ചിന്ദ്രിമ ഭട്ടാചാര്യ പറഞ്ഞു. കുപ്പിവെള്ളവും സൈക്കിളും ഉൾപ്പടെയുള്ളവയുടെ നികുതി കുറയ്ക്കുന്ന കാര്യമാണ് പരിഗണിക്കുക. ബുധനാഴ്ച നടന്ന യോഗത്തിൽ നിലവിൽ 12 ശതമാനം നികുതി സ്ലാബിലുള്ള മെഡിക്കൽ, ഫാർമ ഇനങ്ങളുടെ നികുതി നിരക്ക് കുറയ്ക്കുന്നതിനെക്കുറിച്ചും ചർച്ച ചെയ്തു.

നിലവിൽ 5 ശതമാനം, 12 ശതമാനം, 18 ശതമാനം, 28 ശതമാനം എന്നിങ്ങനെ നാല് സ്ലാബുകളിലാണ് ജിഎസ്ടി നിരക്ക് ഏർപ്പെടുത്തിയിട്ടുള്ളത്. ജിഎസ്ടി വ്യവസ്ഥകൾ അനുസരിച്ച് ചരക്കുകളുടെയും സേവനങ്ങളുടെയും നിരക്ക് 40 ശതമാനം വരെ ഉയർത്താം.

ഭക്ഷ്യ ഉത്പന്നങ്ങൾ ഉൾപ്പടെയുള്ള അവശ്യവസ്തുക്കളുടെ ജിഎസ്ടി 12 ശതമാനത്തിൽനിന്ന് അഞ്ച് ശതമാനമാക്കിയാൽ സാധാരണക്കാർക്കുമേലുള്ള അധികഭാരം കുറയ്ക്കാൻ കഴിയുമെന്ന് യോഗം വിലയിരുത്തി. അതേസമയം, നിലവിൽ 18 ശതമാനം നിരക്കിലുള്ള ഹെയർ ഡ്രൈയർ, സൗന്ദര്യ വർധക വസ്തുക്കൾ തുടങ്ങിയവയുടെ നിരക്ക് 28 ശതമാനത്തിലേക്ക് ഉയർത്താനും യോഗം ശുപാർശ ചെയ്തു. 1000 രൂപക്ക് മുകളിലുള്ള വസ്ത്രങ്ങളുടെ നിരക്ക് 12 ശതമാനത്തിൽനിന്ന് 18 ശതമാനമായി ഉയർത്താനും സാധ്യതയുണ്ട്.

ഒക്ടോബർ 20ന് ചേരുന്ന യോഗത്തിന് ശേഷം കേന്ദ്ര ധനമന്ത്രിയുടെ അധ്യക്ഷതയിൽ ചേരുന്ന ജിഎസ്ടി കൗൺസിൽ ശുപർശകൾ അവതരിപ്പിക്കും. എല്ലാ സംസ്ഥാനങ്ങളുടെയും പ്രതിനിധികൾ കൗൺസിലിലുണ്ട്.






കാക്കനാട് കിൻഫ്ര ഇന്റർനാഷണൽ എക്സിബിഷൻ സെന്ററിൽ നടക്കുന്ന 'ഹോസ്പെക്സ് ഹെൽത്ത് കെയർ എക്സ്പോ 2024' ന്റെ ഉദ്ഘാടനം ഹൈബി ഈഡൻ എം.പി. നിർവ്വഹിക്കുന്നു. ഡോ. ജെ.എസ്.നിവിൻ, ഡോ. അരുൺ കൃഷ്ണ, രമ വേണുഗോപാൽ, ഡോ. മരിയ വർഗീസ്, അമൽ ഹർഷ, രശ്മി ഐഷ, എലുബാബോർ ബൂനൊ ടാഗോ, ഷൈല വേലായുധൻ എന്നിവർ സമീപം.

# ഹെൽത്ത് കെയർ എക്സ്പോ 2024 ഉദ്ഘാടനം ചെയ്തു

**കൊച്ചി :** ഇറക്കുമതി ചെയ്യുന്ന മെഡിക്കൽ ഉപകരണങ്ങൾക്കുള്ള ഉയർന്ന ജി.എസ്.ടി. നിരക്ക് കുറയ്ക്കണമെന്ന് ഹൈബി ഈഡൻ എം.പി ആവശ്യപ്പെട്ടു. ആരോഗ്യമേഖലയിലെ പുത്തൻ സാങ്കേതിക വിദ്യ, സാങ്കേതിക വിദ്യാധിഷ്ഠിത ഉപകരണങ്ങൾ, മെഡിക്കൽ ടൂറിസം, ചിലവ് കുറഞ്ഞ ആരോഗ്യപരിപാലനം എന്നിവ പരിചയപ്പെടുത്തുന്നതിനായി സംഘടിപ്പിച്ചിരിക്കുന്ന 'ഹോസ്പെക്സ് ഹെൽത്ത് കെയർ എക്സ്പോ കാക്കനാട് കിൻഫ്ര ഇന്റർനാഷണൽ എക്സിബിഷൻ സെന്ററിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു ഹൈബി ഈഡൻ. മെഡിക്കൽ ഉപകരണങ്ങളുടെ ജി.എസ്.ടി കുറയ്ക്കണമെന്ന് പാർലമെന്റിലും ആവശ്യം ഉന്നയിച്ചിട്ടുണ്ടെന്നും, മികച്ച ആരോഗ്യ പരിപാലന സംവിധാനം ഒരുക്കുന്നതിലൂടെ കേരളം മെഡിക്കൽ ടൂറിസം ഹബ്ബായി മാറുമെന്നും അദ്ദേഹം പറഞ്ഞു. ചടങ്ങിൽ കൊച്ചിൻ ഐ.എം.എ മുൻ പ്രസിഡന്റ് ഡോ.മരിയ വർഗീസ് അദ്ധ്യക്ഷത വഹിച്ചു. ഹോസ്പെക്സ് ഡയറക്ടർമാരായ ഡോ. ജെ.എസ്.നിവിൻ, ഡോ. അരുൺ കൃഷ്ണ, രക്ഷാധികാരി രമാ വേണുഗോപാൽ, ഏഷ്യ വെൽനെസ്സ് ഫോറം ചെയർമാനും ശ്രീലങ്കൻ സ്വദേശിയുമായ അമൽ ഹർഷ, കിംസ് ഹോസ്പിറ്റൽസ് സി.ഇ.ഒ രശ്മി ഐഷ, എത്യോപ്യൻ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥൻ എലുബാബോർ ബുനൊ ടോക്കോ, കിൻഫ്ര ഡെപ്യൂട്ടി മാനേജർ ഷൈല വേലായുധൻ എന്നിവർ പ്രസംഗിച്ചു. മെഡിക്കൽ വാല്യു ട്രാവൽ, സ്മാർട്ട് ഹോസ്പിറ്റൽ കോൺഫറൻസുകളും, സ്മാർട് ഡയഗ്നോസ്റ്റിക് വർക്ക്ഷോപ്പും ഇന്ന് നടക്കും. ഹോസ്പെക്സ് ഹെൽത്ത് കെയർ എക്സ്പോ നാളെ (ഞായറാഴ്ച)സമാപിക്കും.

# ആരോഗ്യ മന്ത്രിയുമായി നീതി ആയോഗ് മെമ്പർ ചർച്ച നടത്തി



**തിരുവനന്തപുരം:** കേരളത്തിന്റെ ആരോഗ്യ രംഗത്തെ അഭിനന്ദിച്ച് നീതി ആയോഗ് മെമ്പർ ഡോ. വിനോദ് കെ. പോൾ. കുട്ടികളുടെ ആരോഗ്യത്തിൽ കേരളം മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തുന്നത്. മാതൃമരണ നിരക്കും ശിശുമരണ നിരക്കും കുറയ്ക്കാൻ കഴിഞ്ഞത് നേട്ടമാണ്. രാജ്യത്ത് ഏറ്റവും കുറവ് മാതൃമരണ നിരക്കും ശിശുമരണ നിരക്കുമുള്ള സംസ്ഥാനമാണ് കേരളം. വയോജനങ്ങളുടെ ആരോഗ്യ പരിപാലനത്തിൽ കേരളം നടത്തുന്ന പ്രവർത്തനങ്ങളേയും അദ്ദേഹം അഭിനന്ദിച്ചു. സംസ്ഥാന ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജുമായി സെക്രട്ടറിയേറ്റിൽ നടന്ന കൂടിക്കാഴ്ചയിലാണ് നീതി ആയോഗ് മെമ്പർ കേരളത്തിന്റെ നേട്ടങ്ങളെ അഭിനന്ദിച്ചത്.

കേരളത്തിന്റെ ആരോഗ്യ രംഗത്ത് വലിയ വികസന പ്രവർത്തനങ്ങളാണ് നടന്നു വരുന്നതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. വികസന പ്രവർത്തനങ്ങൾക്കൊപ്പം രോഗ പ്രതിരോധത്തിനും കേരളം വലിയ പ്രാധാന്യം നൽകുന്നു. അർഹമായ കേന്ദ്ര വിഹിതം സമയബന്ധിതമായി ലഭ്യമാക്കുന്നതിലൂടെ കൂടുതൽ പ്രവർത്തനങ്ങൾ നടത്താനാകും. ഫീൽഡ്തല പ്രവർത്തനങ്ങൾ ഫലപ്രദമായി നടക്കുന്നതിന് ഈ തുക ആവശ്യമാണ്. മെഡിക്കൽ കോളേജുകളുടെ വികസന പ്രവർത്തനങ്ങൾക്കും കൂടുതൽ സഹായം ആവശ്യമാണ്. ബിപിഎൽ വിഭാഗത്തിലുള്ള എല്ലാവരേയും ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് കേന്ദ്ര ആരോഗ്യ മന്ത്രിയുമായി അടുത്തിടെ ചർച്ച നടത്തിയിരുന്നു. നിലവിൽ 23 ലക്ഷത്തോളം ആളുകളാണ് കേന്ദ്രത്തിന്റെ പട്ടികയിലുള്ളത്. എന്നാൽ സംസ്ഥാനത്ത് അതിന്റെ ഇരട്ടിയോളം ആളുകൾക്കാണ് ചികിത്സാ സഹായം നൽകുന്നത്. ആ വിഹിതം സംസ്ഥാനമാണ് വഹിക്കുന്നത്. ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ കേന്ദ്ര വിഹിതം കൂട്ടണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

കേരളത്തിന്റെ ആരോഗ്യ രംഗത്തെ സംബന്ധിച്ച വിവിധ വിഷയങ്ങളും ചർച്ചയായി.

ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻഎച്ച്എം സ്റ്റേറ്റ് പ്രോഗ്രാം മാനേജർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

# ദൈവനിന്ദ, ജില്ലാ സെക്രട്ടറി മാപ്പ് പറയണം ; വിശ്വഹിന്ദു പരിഷത്ത്

**കൊച്ചി :** ഭഗവാൻ വിഷ്ണുവിന്റെ അവതാരമായ വരാഹ മൂർത്തിയെ മോശമായ രീതിയിൽ ചിത്രീകരിച്ച് അപമാനിച്ച സി.പി.എം. പത്തനംതിട്ട ജില്ലാ സെക്രട്ടറി കെ.പി.ഉദയഭാനു ഹൈന്ദവ സമൂഹത്തോട് മാപ്പ് പറയണമെന്ന് വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന ജനറൽ സെക്രട്ടറി വി.ആർ.രാജശേഖരൻ. കൃഷിയിടങ്ങളിലെ കാട്ടുപന്നി ആക്രമണത്തിൽ നിന്നും കർഷകരെ രക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് പത്തനംതിട്ട ഫോറസ്റ്റ് ഓഫീസിലേയ്ക്ക് നടത്തിയ മാർച്ചിൽ പന്നിയെയും, പാമ്പിനെയും കൊല്ലാൻ ആർ.എസ്.എസ് പ്രവർത്തകർ തടസം സൃഷ്ടിക്കുന്നുവെന്നും, പന്നിയെയും പാമ്പിനെയും ആരാധിക്കുന്നുവെന്നുമുള്ള വിവാദ പ്രസ്താവനയാണ് സി.പി.എം.ജില്ലാ സെക്രട്ടറി നടത്തിയത്.

ന്യൂനപക്ഷ പിന്തുണ ലഭിക്കുമെന്ന മിഥ്യാധാരണയിലാണ് ഹൈന്ദവ ബിംബങ്ങളെയും ആചാരങ്ങളെയും സിപിഎം നേതാക്കൾ നിരന്തരം അവഹേളിക്കുന്നതെന്ന് വി.എച്ച്.പി നേതാക്കൾ കുറ്റപ്പെടുത്തി. ശബരിമല ക്ഷേത്രത്തെയും ആചാരങ്ങളെയും നശിപ്പിക്കാനും തകർക്കാനും മുന്നിൽ നിന്ന ഉയഭാനുവിനെ പോലുള്ള കപട മതേതരവാദികളായ സി.പി.എം.നേതാക്കൾക്ക് ന്യൂനപക്ഷ വിഭാഗങ്ങളിലെ ദൈവ സങ്കൽപങ്ങളെയും ആചാര രീതികളെയും വിമർശിക്കാനോ, കളിയാക്കാനോ ഭയമാണെന്നും വി.ആർ.രാജശേഖരൻ പറഞ്ഞു. ഇനിയും ഹൈന്ദവനിന്ദ ഉണ്ടാവുകയാണെങ്കിൽ അതിനെതിരെ ശക്തമായ പ്രതികരണം വിശ്വഹിന്ദു പരിഷത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമെന്നും പത്ര പ്രസ്താവനയിൽ അദ്ദേഹം പറഞ്ഞു.

# ഭിന്നശേഷിക്കാർക്കായി വേറിട്ട അനുഭവമൊരുക്കി ഹോട്ടൽ റസ്റ്റിക് ലീഷേഴ്സ്



**കൊച്ചി:** ലോക ടൂറിസം ദിനത്തിൽ ഭിന്നശേഷിക്കാർക്ക് വേറിട്ട അനുഭവമൊരുക്കി വൈപ്പിനിലെ ഹോട്ടൽ റസ്റ്റിക് ലീഷേഴ്സ്. പ്രകൃതി സൗന്ദര്യം ആസ്വദിച്ചുകൊണ്ട് മീൻ പിടിച്ചും പാചകകലയെ അടുത്തറിഞ്ഞും അവർ ആഹ്ലാദം പങ്കിട്ടപ്പോൾ ഹോട്ടൽ ജീവനക്കാർ സാക്ഷ്യം വഹിച്ചത് മനോഹര നിമിഷങ്ങൾക്കായിരുന്നു. റസ്റ്റിക് ലീഷേഴ്സ് ഹോട്ടൽ കോമ്പൗണ്ടിൽ തന്നെയുള്ള വിശാലമായ കുളത്തിലായിരുന്നു ഭിന്നശേഷിക്കാർ ചൂണ്ടയിട്ടത്. പരിമിതികൾ മറികടന്ന് എല്ലാവരും ഒത്തുചേർന്നപ്പോൾ ടൂറിസം ദിനം ഏറെ ആഹ്ലാദകരമായി. ഭിന്നശേഷി സൗഹൃദമായി ടൂറിസം ദിനം ആചരിക്കണമെന്ന ഹോട്ടൽ മാനേജ്മെന്റിന്റെ ആശയമാണ് ഇത്തരത്തിൽ ഭിന്നശേഷിക്കാർക്കായി പുതിയ വേദിയൊരുങ്ങാൻ കാരണം. പള്ളുരുത്തിയിലെ ബ്രദേഴ്സ് ഓഫ് സെന്റ്.ജോസഫ് കോട്ടലെങ്കോയിലെ അംഗങ്ങളാണ് ലൈവ് ഫിഷിങ് ആൻഡ് കുക്കിങ് പ്രോഗ്രാമിൽ പങ്കെടുത്തത്. പെരുമ്പാവൂരിലെ ജയഭാരത് കോളജിലെ എംഎസ്ഡബ്ല്യു വിദ്യാർത്ഥികളുടെ സഹകരണത്തോടെയാണ് പ്രോഗ്രാം സംഘടിപ്പിച്ചത്.

ഭിന്നശേഷിക്കാർക്കിടയിൽ പാചകകല ഉൾപ്പെടെയുള്ള കാര്യങ്ങളിൽ താത്പര്യമുള്ള നിരവധിയാളുകളുണ്ടെന്നും ഇത്തരക്കാരെ കണ്ടെത്തി മുൻനിരയിലേക്ക് എത്തിക്കുകയെന്ന ലക്ഷ്യത്തോടെയാണ് പ്രോഗ്രാം സംഘടിപ്പിച്ചതെന്നും റസ്റ്റിക് ലീഷേഴ്സ് ഹോട്ടൽ മാനേജിംഗ് ഡയറക്ടർ ഷിബു പീറ്റർ പറഞ്ഞു. മീൻ പിടുത്തം, പാചകം, ഹോസ്പിറ്റാലിറ്റി ട്രെയിനിങ് സെഷൻ എന്നിവയും ടൂറിസം ദിനത്തിൽ ഒരുക്കിയിരുന്നു. സംഘത്തിൽ മികവ് തെളിയിച്ച ഇടുക്കി ഉപ്പുതറ സ്വദേശി മനു സജിക്ക് ഹോട്ടലിൽ ജോലിയും നൽകി. ഉച്ചയ്ക്ക് ശേഷം നടന്ന ചടങ്ങിൽവെച്ച് അപ്പോയിൻമെന്റ് ലെറ്റർ മനുവിന് കൈമാറി. പിതാവ് സജിയും ചടങ്ങിൽ പങ്കെടുത്തു.

മകന് ഹോട്ടൽ രംഗത്ത് തൊഴിൽ ലഭിച്ചതിൽ ഏറെ സന്തോഷമുണ്ടെന്നും അവന്റെ ഇഷ്ടരംഗത്ത് പ്രവർത്തിക്കാൻ അവസരം ലഭിക്കണമെന്നത് തന്റെ വലിയ ആഗ്രഹമായിരുന്നുവെന്നും മനുവിന്റെ പിതാവ് സജി പറഞ്ഞു. ജന്മനാ കേൾവി നഷ്ടപ്പെട്ട മനു മൂവാറ്റുപുഴ, അടൂർ എന്നിവടങ്ങളിലെ സ്പെഷ്യൽ സ്കൂളുകളിലാണ് വിദ്യാഭ്യാസം പൂർത്തിയാക്കിയത്. പിന്നീട് കളമശേരിയിലെ സമർത്ഥനം ട്രസ്റ്റ് ഓഫ് ഡിസേബിൾഡിൽ നിന്ന് പ്രത്യേക കോഴ്സും പാസായ മനു ഇടക്കാലത്ത് പ്രമുഖ പഞ്ചനക്ഷത്ര ഹോട്ടലിൽ ഹൗസ് കീപ്പിങ് വിഭാഗത്തിൽ ജോലി ചെയ്തിരുന്നു. കോവിഡ് സമയത്ത് തൊഴിൽ നഷ്ടമായ മനുവിന് പിന്നീട് അവസരങ്ങൾ ലഭിച്ചിരുന്നില്ല. മനുവിനെ പോലെ ഇത്തരത്തിൽ കഴിവുള്ള നിരവധി ഭിന്നശേഷിക്കാർ സമൂഹത്തിൽ ഉണ്ടെന്നും അവർക്ക് അർഹമായ തൊഴിൽ കണ്ടെത്തി നൽകേണ്ടത് സമൂഹത്തിന്റെ കടമയാണെന്നും ഷിബു പീറ്റർ പറഞ്ഞു.

# 2026 ഓടെ കേരളത്തിലെ വയോജനങ്ങൾ ആകെ ജനസംഖ്യയുടെ 25% ആകും: മന്ത്രി

**തിരുവനന്തപുരം:** 2026ഓടെ കേരളത്തിലെ വയോജനങ്ങളുടെ എണ്ണം സംസ്ഥാനത്തിന്റെ ജനസംഖ്യയുടെ 25 ശതമാനം ആകുന്ന സാഹചര്യത്തെ സംസ്ഥാന സർക്കാർ ഗൗരവകരമായി കാണുന്നതായി മന്ത്രി ആർ.ബിന്ദു പറഞ്ഞു. ഇന്ത്യയിലെ വയോജന പരിചരണത്തിലെ ശാക്തീകരണം എന്ന വിഷയത്തിൽ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും മറ്റ് പങ്കാളികളുടേയും കൂടിയാലോചനയും കാഴ്ചപ്പാടുകളും തേടുന്നതിനായി, നീതി ആയോഗ് സ്റ്റേറ്റ് സപ്പോർട്ട് മിഷന് കീഴിൽ തിരുവനന്തപുരം ഐ.എം.ജിയിൽ നടന്ന ദേശീയ ശിൽപശാല ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.

നമ്മുടെ വയോജനങ്ങൾ അന്തസ്സോടെയും അഭിമാനത്തോടെയും ജീവിക്കുന്നുവെന്ന് ഉറപ്പാക്കാൻ ഇപ്പോൾ തന്നെ പ്രവർത്തിച്ചു തുടങ്ങേണ്ടതുണ്ട്. ഇന്ത്യയിലെ ഇതര ഭാഗങ്ങളെ അപേക്ഷിച്ച് വയോജനങ്ങളുടെ എണ്ണം വർധിക്കുന്ന സംസ്ഥാനമെന്ന നിലയിൽ സമഗ്രമായ ഒരു പരിചരണ ചട്ടക്കൂട് ആവശ്യമാണ്. വർദ്ധിച്ചുവരുന്ന വയോജന ജനസംഖ്യ ഉയർത്തുന്ന വെല്ലുവിളികളെ നേരിടാൻ രാജ്യത്തുടനീളമുള്ള നയരൂപീകരണ വിദഗ്ധർ, വിശിഷ്ട വ്യക്തികൾ എന്നിവർ ശിൽപശാലയിൽ ഒരുമിക്കുന്നു എന്നത് സന്തോഷകരമാണ്. നിലവിൽ, ഇന്ത്യയിലെ മൊത്തം ജനസംഖ്യയുടെ 11.1 ശതമാനം 60 വയസ്സിന് മുകളിലുള്ളവരാണ് എന്നാണ് കണക്കാക്കുന്നത്. അണുകുടുംബ ഘടനയിലേക്ക് സമൂഹം മാറിക്കഴിഞ്ഞതിനാൽ ഉപയോഗിച്ച ശേഷം ഉപേക്ഷിക്കുക എന്ന രീതി കുടുംബബന്ധങ്ങളിലും കാണുന്നുണ്ട്. പ്രായമായവരുടെ വർദ്ധിച്ചുവരുന്ന സാമൂഹിക, ആരോഗ്യ സംരക്ഷണ ആവശ്യങ്ങളിൽ ശിൽപശാല ശ്രദ്ധ കേന്ദ്രീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ശാരീരിക ആരോഗ്യത്തോടൊപ്പം വയോജനങ്ങളുടെ മാനസികവും സാമൂഹികവുമായ ക്ഷേമത്തെ അഭിസംബോധന ചെയ്യേണ്ടത് പ്രധാനമാണ്. വയോജനങ്ങൾ പലരും ഏകാന്തതയും അവഗണനയും നേരിടുന്നു. നിരവധി പ്രധാന സംരംഭങ്ങളിലൂടെ മുതിർന്ന വരോടുള്ള പരിചരണത്തിലെ സജീവമായ സമീപനത്തിന് കേരളം പ്രശംസിക്കപ്പെട്ടിട്ടുണ്ട്.

സാമൂഹികവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനും ഏകാന്തത കുറയ്ക്കുന്നതിനുമായി മുതിർന്നവർക്കുള്ള ഡേകെയർ സെന്ററുകൾ വിപുലീകരിക്കുന്ന സായംപ്രഭ പദ്ധതി, പ്രതിസന്ധിയിലായ മുതിർന്നവർക്ക് അടിയന്തര വൈദ്യസഹായവും പിന്തുണയും നൽകുന്ന വയോരക്ഷ പദ്ധതി, സർക്കാർ വൃദ്ധസദനങ്ങളിൽ താമസിക്കുന്നവർക്ക് സൗജന്യ ആയുർവേദ ചികിത്സയും സാന്ത്വന പരിചരണവും വാഗ്ദാനം ചെയ്യുന്ന വായോമൃതം സംരംഭം, ഡിമെൻഷ്യയും അൽഷിമേഴ്സും ബാധിച്ച മുതിർന്നവരെ സഹായിക്കാൻ മെമ്മറി ക്ലിനിക്കുകൾ സ്ഥാപിക്കുന്ന ഓർമ്മത്തോണി പദ്ധതി എന്നിവ സംസ്ഥാനത്തിന്റെ വയോജന സംരക്ഷണത്തിന്റെ മികച്ച മാതൃകകളാണ്. മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും പരിപാലനവും ക്ഷേമവും സംബന്ധിച്ച നിയമം ഊർജിതമായി നടപ്പിലാക്കാൻ ശ്രമിക്കുകയാണ്. മെച്ചപ്പെട്ട വയോജന പരിചരണം നൽകുന്നതിന് പരിചരിക്കുന്നവർക്കും ഹോം നഴ്സുമാർക്കും സമഗ്രമായ പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. വയോജന ക്ഷേമത്തിൽ കേരളം മുന്നിലുണ്ടാകുമെന്ന് ഉറപ്പാക്കിക്കൊണ്ട് നയവും പ്രയോഗവും തമ്മിലുള്ള വിടവ് നികത്താനുള്ള പരിപാടികൾ ശിൽപശാല ആസൂത്രണം ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. വയോജനങ്ങൾക്കായി നിലവിലുള്ള സംരംഭങ്ങൾ വിപുലീകരിക്കാനും വയോജന പരിചരണത്തിനായി പുതിയ തന്ത്രങ്ങൾ വികസിപ്പിക്കാനുമുള്ള ശ്രമങ്ങൾ സംസ്ഥാന സർക്കാർ തുടരുകയാണെന്നും മന്ത്രി പറഞ്ഞു.

നിതി ആയോഗ് മെഡിക്കൽ സീനിയർ അഡ്വൈസർ രജിബ് കുമാർ സെൻ സ്വാഗതമാശംസിച്ചു. നീതി ആയോഗ് മെഡിക്കൽ വിഭാഗം അംഗം ഡോ. വികെ പോൾ, സാമൂഹിക നീതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പുനിത്കുമാർ, അഡീഷണൽ സെക്രട്ടറി കരാലിൻ ഘോങ്വാർ എന്നിവർ സംബന്ധിച്ചു.

# സുരക്ഷയില്ലാത്ത പാചകവാതക സ്റ്റൗവ് ; പിഴയീടാക്കി ഉപഭോക്തൃ കോടതി

**കൊച്ചി:** സുരക്ഷയില്ലാത്ത പാചകവാതക സ്റ്റൗവിന് പിഴയീടാക്കി ഉപഭോക്തൃ കോടതി.ക്രമാതീതമായി ഗ്യാസ് കത്തിത്തീരുന്നത് ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് നടത്തിയ പരിശോധനയിൽ കണ്ടെത്തിയത് സ്റ്റൗവിന്റെ നിർമാണത്തിലെ ഗുരുതര പിഴവ്. എന്നാൽ റിയപ്പർ ചെയ്യുന്നതിന് മുൻകൂർ തുക നൽകണമെന്നാണ് കമ്പനി ആവശ്യപ്പെട്ടത്. ഇതോടെയാണ് നിർമ്മാണ തകരാർ ചൂണ്ടിക്കാട്ടി മൂവാറ്റുപുഴ സ്വദേശി കെ ജെ വിജയകുമാർ ഉപഭോക്തൃ കോടതിയെ സമീപിച്ചത്. സ്റ്റൗവിന്റെ വില്പനയ്ക്ക് മുൻപ് ഗുണനിലവാരമോ സുരക്ഷാ പരിശോധനയോ നടത്തിയിട്ടില്ലെന്ന ഗുരുതര ആരോപണവും പരാതിക്കാരൻ ഉന്നയിച്ചു. ഇതിലാണ് ഉപഭോക്തൃ കോടതിയുടെ നിർണായക ഉത്തരവ്.

സ്റ്റൗ നിർമിച്ച ഡൽഹിയിലെ കമ്പനിയ്ക്കും വിതരണം ചെയ്തതും വിൽപന നടത്തിയതുമായ കമ്പനികൾക്കെതിരെയുമാണ് വിജയകുമാറിന്റെ പരാതി. 2019 മെയ് ഏഴിനാണ് 12,700/ രൂപ നൽകി വിജയകുമാർ ഗ്യാസ് സ്റ്റൗ വാങ്ങിയത്. മുൻപത്തേക്കാൾ വേഗത്തിൽ സിലിണ്ടർ കാലിയാകുന്നു എന്ന് ആദ്യം തന്നെ തിരിച്ചറിഞ്ഞു. 45 ദിവസം ഉപയോഗിക്കാവുന്ന പാചകവാതകത്തിന്റെ ഉപയോഗം 15 ദിവസമായി ചുരുങ്ങി. ടെക്നീഷ്യൻ പരിശോധിച്ച് ബർണറിന്റെ തകരാറ് കണ്ടെത്തിയെങ്കിലും മാറ്റിനൽകാൻ അവർ തയ്യാറായില്ല. മാത്രമല്ല റിപ്പയർ ചെയ്തതിന് 5,500 / രൂപ മുൻകൂർ നൽകണമെന്നും ആവശ്യപ്പെട്ടു.

ഇതോടെയാണ് പരാതിയുമായി വിജയകുമാർ കോടതിയെ സമീപിച്ചത്. റിപ്പയർ ചെയ്തു നൽകാനോ, പകരം സ്റ്റൗ നൽകാനോ തയ്യാറാകാത്തത് എതിർകക്ഷിയുടെ നടപടി സേവനത്തിലെ ന്യൂനതയാണെന്ന് പരാതിക്കാരൻ ഉന്നയിച്ചു. എന്നാൽ ഉൽപ്പന്നത്തിന്റെ വാറണ്ടി കഴിഞ്ഞാണ് തകരാർ സംഭവിച്ചതെന്നും, അതിനാൽ സൗജന്യമായി നൽകാൻ കഴിയില്ലെന്നും, പരാതി തള്ളിക്കളയണമെന്നും എതിർകക്ഷി കോടതി മുമ്പാകെ ബോധിപ്പിച്ചു.

തകരാറുള്ള സ്റ്റൗ ഉപയോഗിച്ച് പാചകം ചെയ്തത് കുടുംബത്തിന്റെ സുരക്ഷയ്ക്ക് വലിയ ഭീഷണിയാണ് ഉയർത്തുന്നതെന്ന് കോടതി നിരീക്ഷിച്ചു. ഇത്തരം ഉൽപ്പന്നങ്ങൾ വിൽക്കുമ്പോൾ പുലർത്തേണ്ട സുരക്ഷയും ഗുണമേന്മയും ഉറപ്പുവരുത്തുക എന്നത് നിർമ്മാതാക്കളുടെ നിയമപരമായ കർത്തവ്യമാണ്. അത് ചെയ്യാതിരിക്കുന്നത് നിർമ്മാണ പരമായ ന്യൂനതയായി തന്നെ പരിഗണിക്കേണ്ടതുണ്ട്. വിതരണക്കാരനും വില്പനക്കാരനും ഇക്കാര്യത്തിൽ ഉത്തരവാദിത്തമുണ്ട് എന്നും കമ്മീഷൻ വിലയിരുത്തി.

ഇത്തരം ഗൗരവകരമായ ന്യൂനത യഥാസമയം പരിഹരിക്കുന്നതിൽ വീഴ്ച വരുത്തുന്നത് തന്നെ സേവനത്തിലെ ന്യൂനതയാണ്. ഉൽപ്പന്നം കമ്പോളത്തിൽ ഇറങ്ങുന്നതിന് മുമ്പ് തന്നെ വ്യാപാരികൾ പുലർത്തേണ്ട ഉത്തരവാദിത്വവും സുരക്ഷാ ജാഗ്രതയും അടിവരയിടുന്നത് കൂടിയാണ് ഈ പരാതി എന്ന് ഡി.ബി.ബിനു അധ്യക്ഷനും വി.രാമചന്ദ്രൻ, ടി.എൻ.ശ്രീവിദ്യ എന്നിവർ അംഗങ്ങളുമായ ബെഞ്ച് ചൂണ്ടിക്കാട്ടി. ഇത്തരം വീഴ്ചകളുടെ അടിസ്ഥാനത്തിൽ ഉത്പന്നത്തിന്റെ വിലയായ 12,700/ രൂപയും, നഷ്ടപരിഹാരമായി 5,000/ രൂപയും, കോടതി ചെലവായി 5000 രൂപയും 45 ദിവസത്തിനകം പരാതിക്കാരന് നൽകാനാണ് ഉത്തരവ്. പരാതിക്കാരന് വേണ്ടി അഡ്വ. ടോം ജോസഫ് ഹാജരായി.

# സ്കൂൾ കായികമേള ലോഗോ പ്രകാശനം നിർവഹിച്ചു

**തിരുവനന്തപുരം:** കേരള സ്കൂൾ കായികമേള കൊച്ചി'24 ന്റെ ലോഗോ പ്രകാശനവും ഭാഗ്യചിഹ്നത്തിന്റെ പ്രകാശനവും മന്ത്രിമാരായ പി രാജീവും വി ശിവൻകുട്ടിയും തിരുവനന്തപുരത്ത് നിർവഹിച്ചു;മേളയുടെ ഭാഗ്യചിഹ്നം അണ്ണാറക്കണ്ണൻ 'തക്കുടു' ആണ്. സവിശേഷ കഴിവുകൾ ഉള്ള കുട്ടികളേയും ഉൾപ്പെടുത്തി ലോകത്തിന് മാതൃകയാകുന്ന ഇൻക്ലൂസീവ് സ്പോർട്സ് ഈ വർഷത്തെ സംസ്ഥാന സ്കൂൾ കായികമേളയുടെ പ്രത്യേകതയാണെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. രാജ്യത്ത് ആദ്യമായാണ് സ്കൂൾ കായികമേള ഇത്രയും വിപുലമായി സംഘടിപ്പിക്കുന്നത്. മേളയിൽ 20000 ത്തിലധികം കായിക പ്രതിഭകളും സവിശേഷ കഴിവുള്ള രണ്ടായിരത്തോളം കായിക പ്രതിഭകളും പങ്കെടുക്കുന്നുണ്ട്. ഈ വർഷം കുട്ടികളുടെ പങ്കാളിത്തം കൊണ്ട് ലോകത്തിലെ ഏറ്റവും വലിയ കായികമേളയാകുവാനുള്ള സാധ്യതയുണ്ട് . സംസ്ഥാനത്തിന്റെ കായിക ചരിത്രത്തിലെ നവോത്ഥാനത്തിന് നാന്ദികുറിക്കുവാൻ ഈ മേളയിലൂടെ സാധിക്കുമെന്നാണ് പ്രതീക്ഷ.

നവംബർ 4 മുതൽ 11വരെ കൊച്ചി നഗരത്തിലെ 19 വേദികളിലായാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. നവംബർ 4 ന് വൈകുന്നേരം കലൂർ അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ വിപുലമായ ചടങ്ങുകളോടെയാണ് മത്സരം ആരംഭിക്കുന്നത്. സമാപനം നവംബർ11 ന് മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ നടക്കും. എറണാകുളം ജില്ലയിലെ തെരഞ്ഞെടുത്ത 50 സ്കൂളുകളിൽ കുട്ടികൾക്ക് മികച്ച താമസ സൗകര്യം ഒരുക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ സ്വീകരിച്ചുവരുന്നതായും മന്ത്രി പറഞ്ഞു. പുതിയ കാലത്തെ കായിക പ്രതിഭകളെ കണ്ടെത്താനുള്ള മേളക്ക് എറണാകുളത്ത് ക്രമീകരണങ്ങൾ അതിവേഗം പൂർത്തീകരിക്കുകയാണെന്ന് വ്യവസായ നിയമ വകുപ്പ് മന്ത്രി പി രാജീവ് പറഞ്ഞു.

# ബാലസാഹിത്യ പുരസ്കാരം 2024 ന് അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** സംസ്ഥാന ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ബാലസാഹിത്യ പുരസ്കാരം 2024 ന് അപേക്ഷ ക്ഷണിച്ചു. മലയാള ബാലസാഹിത്യത്തിനു മികച്ച സംഭാവനകൾ നൽകുന്ന വിവിധ മേഖലകളിലുള്ളവരെ അംഗീകരിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായിട്ടാണ് പുരസ്കാരങ്ങൾ നൽകിവരുന്നത്. കഥ/നോവൽ, നാടകം (എബ്രഹാം ജോസഫ് പുരസ്കാരം), കവിത, ശാസ്ത്രം (പി ടി ഭാസ്കരപ്പണിക്കർ പുരസ്കാരം), വൈജ്ഞാനികം (ശാസ്ത്രമൊഴികെ), ജീവചരിത്രം/ആത്മകഥ, വിവർത്തനം/ പുനരാഖ്യാനം, ചിത്രീകരണം, ചിത്രപുസ്തകം, പുസ്തക ഡിസൈൻ എന്നീ 10 വിഭാഗങ്ങളിലെ മികച്ച ഗ്രന്ഥങ്ങൾക്കാണ് പുരസ്കാരങ്ങൾ നൽകുന്നത്. 2021, 2022, 2023 വർഷങ്ങളിൽ ഒന്നാം പതിപ്പായി പ്രസിദ്ധീകരിച്ചിട്ടുള്ള കൃതികളാണ് പുരസ്കാരത്തിനായി പരിഗണിക്കുന്നത്. 20,000 രൂപയും പ്രശസ്തിപത്രവും ശില്പവും അടങ്ങുന്നതാണ് പുരസ്കാരം. ഏതെങ്കിലും വിഭാഗത്തിൽ നേരത്തെ പുരസ്കാരം ലഭിച്ചിട്ടുള്ളവരെ പിന്നീട് ആ വിഭാഗത്തിൽ പരിഗണിക്കുന്നതല്ല. വ്യക്തികൾക്കും പ്രസാധകർക്കും പുസ്തകങ്ങൾ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് 8547971483 അവസാന തീയതി ഒക്ടോബർ 30.

# കാർഷിക യന്ത്രങ്ങളുടെ സർവ്വീസ് ക്യാമ്പ്; അപേക്ഷകൾ ക്ഷണിച്ചു

**തിരുവനന്തപുരം:** കാർഷിക വികസന കർഷക ക്ഷേമവകുപ്പ് 202425 വാർഷികപദ്ധതിയുടെ ഭാഗമായി സപ്പോർട്ട് 5 ഫാം മെക്കനൈസേഷൻ പദ്ധതിയിൽ കാസർകോട് ജില്ലയിലെ കർഷകർക്കും കർഷക ഗ്രൂപ്പുകൾക്കും കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട സർവ്വീസ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. കാർഷിക യന്ത്രങ്ങൾ റിപ്പയർ ചെയ്യാനാഗ്രഹിക്കുന്ന വ്യക്തികൾക്കും കർഷക സംഘങ്ങൾക്കും ഇപ്പോൾ അപേക്ഷിക്കാം. ചെറിയ റിപ്പയറുകൾക്കാവശ്യമായ സ്പെയർപാർട്ടുകളുടെ വില 1000 രൂപ വരെ പൂർണ്ണമായും സൗജന്യം മായിരിക്കും. മറ്റ് റിപ്പയർ പ്രവൃത്തികൾ നിബന്ധനകൾക്ക് വിധേയമായി ആവശ്യമായ സ്പെയർ പാർട്ടിസുകൾ ജിഎസ്ടി ബില്ല് പ്രകാരമുള്ള തുകയുടെ 25% സബ്സിഡി (പരമാവധി 2500/ രൂപ) തനുവദിക്കും. റിപ്പയർ പ്രവൃത്തികൾക്കാവശ്യമായ ലേബർ ചാർജ്ജുകൾക്ക് ജിഎസ്ടി ബില്ല് പ്രകാരമുള്ള തുകയുടെ 25% സബ്സിഡി (പരമാവധി 1000/രൂപ) യും അനുവദിക്കും. ബാക്കി തുക കർഷകൻ വഹിക്കണം. 202425 വർഷത്തിൽ രണ്ടു ഘട്ടമായി 12 സർവ്വീസ് ക്യാമ്പുകളാണ് കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ കാസർകോട് കാര്യാലയത്തിന്റെ നേതൃത്വത്തിൽ നടത്തുക. കൂടുതൽ വിവരങ്ങൾക്കും അപേക്ഷാ ഫോമിനും അതതു കൃഷിഭവനുമായോ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലോ ബന്ധപ്പെടണം. ഫോൺ9496164458, 9747841883, 9567894020, 9946419615.



# മകന്റെ കരളുറപ്പിൽ സ്കറിയയ്ക്ക് പുതു ജീവിതം

**കൊച്ചി:** മകൻ പകുത്തു നൽകിയ കരളിന്റെ ബലത്തിൽ പുതുജീവിതവുമായി സ്കറിയ നാട്ടിലേക്ക് മടങ്ങി. കാസർഗോട് സ്വദേശിയായ സ്കറിയ (51) ഗുരുതരമായ കരൾ രോഗത്തെ തുടർന്ന് പല ആശുപത്രികളിലും ചികിത്സതേടി എങ്കിലും ചികിത്സാചെലവ് താങ്ങാവുന്നതിലുമപ്പുറമായതിനാൽ ലിസി ആശുപത്രിയിലേക്ക് എത്തുകയായിരുന്നു. അനുയോജ്യമായ അവയവദാതാവിനെ കണ്ടെണ്ടത്തുക എന്നതായിരുന്നു സ്കറിയ നേരിട്ട അടുത്ത വെല്ലുവിളി. ഈ സാഹചര്യത്തിൽ പ്ലസ് വൺ വിദ്യാർഥിയും മകനുമായ എഡിസൺ കരൾ പകുത്ത് നൽകുവാൻ സ്വയം തയ്യാറായി മുന്നോട്ട് വരികയായിരുന്നു. എന്നാൽ അവയവദാന നിയമ പ്രകാരം പ്രായപൂർത്തിയാകാത്ത ദാതാവിന് കരൾ പകുത്ത് നൽകുവാൻ സാധ്യമല്ല. തുടർന്ന് ഹൈക്കോടതിയിൽ നിന്നും പ്രത്യേക അനുമതി നേടിയശേഷം കരൾ പകുത്തുനൽകുകയായിരുന്നു. അതിസങ്കീർണമായ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വളരെ വിജയകരമായിരുന്നു.

ഇതിന് നേതൃത്വം നൽകിയത് ഡോ. വേണുഗോപാൽ ബി, ഡോ. ഷാജി പൊന്നമ്പത്തയിൽ, ഡോ. പ്രമിൽ കെ, ഡോ.രാഹുൽ ഡി കുഞ്ഞ്, ഡോ.രാജീവ് കടുങ്ങപുരം, ഡോ.വിഷ്ണു ദാസ് കെ. ആർ, ഡോ. ദീപക് വി, ഡോ. ലിജേഷ് കുമാർ, ഡോ.വിഷ്ണു എ. കെ, ഡോ. ജോഷി രാജീവ് ശ്രീനിവാസ്, ഡോ. ഗജേന്ദ്ര ദണ്ഡോടിയ, ഡോ. എൻ ജോഷ്വ, ഡോ. അഫ്സൽ അഹമ്മദ് എന്നിവരായിരുന്നു. ശസ്ത്രക്രിയക്കുശേഷം എഡിസൺ ഒരാഴ്ചയോടെ പരിപൂർണ സൗഖ്യം പ്രാപിക്കുകയും ആശുപത്രിയിൽ നിന്നും ഡിസ്ചാർജ് ആവുകയും ചെയ്തു. സ്വീകർത്താവായ സ്കറിയ വളരെ വേഗം ആരോഗ്യസ്ഥിതി വീണ്ടെടുത്ത് ആശുപത്രി വിടുകയായിരുന്നു. പൂർണ ആരോഗ്യം വീണ്ടെണ്ടടുത്തു അച്ഛനും മകനും സ്വദേശത്തേക്ക് മടങ്ങുകയാണ്. ഈ സന്തോഷം പങ്കുവച്ചുകൊണ്ടണ്ട് ലിസി ആശുപത്രി ഡയറക്ടർ റവ. ഫാ. പോൾ കരേടൻ, ജോ. ഡയറക്ടർമാരയ ഫാ.റോജൻ നങ്ങേലിമാലിൽ, ഫാ. റെജു കണ്ണമ്പുഴ, അസി.ഡയറക്ടർമാരായ ഫാ. ഡേവിസ് പടന്നക്കൽ, ഫാ. ജെറ്റോ തോട്ടുങ്കൽ എന്നിവരുടെ നേതൃത്വത്തിൽ ട്രാൻസ്പ്ലാൻറ് വിഭാഗവുമായി ചേർന്ന് സന്തോഷകരമായ യാത്രയയപ്പ് നൽകി.

# ആഭ്യന്തര സഞ്ചാരികളുടെ എണ്ണത്തിൽ റെക്കാർഡ് വർധന: മന്ത്രി പി.എ മുഹമ്മദ് റിയാസ്

**കൊച്ചി:** കഴിഞ്ഞ രണ്ടു വർഷം ആഭ്യന്തര സഞ്ചാരികളുടെ വരവിൽ റെക്കോർഡ് സൃഷ്ടിക്കാൻ കേരളത്തിനായെന്ന് മന്ത്രി പി.എ മുഹമ്മദ് റിയാസ് പറഞ്ഞു.കെടിഎം പന്ത്രണ്ടാം പതിപ്പിൻറെ ഭാഗമായുള്ള എക്സ്പോ കൊച്ചി വെല്ലിംഗ്ടൺ ഐലൻറിലെ സാഗര, സാമുദ്രിക കൺവെൻഷൻ സെൻററിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു റിയാസ്.



സംസ്ഥാനത്തെ വിനോദസഞ്ചാര വൈവിധ്യങ്ങളും ദൃശ്യചാരുതയും പകർത്തി ഈയിടെ പുറത്തിറക്കിയ കേരള ടൂറിസത്തിൻറെ 'എൻറെ കേരളം എന്നും സുന്ദരം' പ്രചാരണ വീഡിയോക്ക് ലോകമെമ്പാടുമുള്ള യാത്രാ പ്രേമികളിൽ നിന്ന് മികച്ച പ്രതികരണമാണ് ലഭിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. ഇതുവഴി പുതിയ സീസണിൽ കൂടുതൽ സഞ്ചാരികളെ ആകർഷിക്കാനാകും. ഇതിനു പിന്നാലെ നടക്കുന്ന കെടിഎം കേരള ടൂറിസത്തിന് നിർണായകമാണ്. വിവിധ ലോകരാജ്യങ്ങളിൽ നിന്നും ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുമുള്ള ബയർമാർ കെടിഎമ്മിൽ പങ്കെടുക്കുന്നുണ്ട്. 2,839 ബയർമാരാണ് മാർട്ടിൽ പങ്കെടുക്കുന്നത്. ഇത് കെടിഎമ്മിൻറെ ചരിത്രത്തിലെ മികച്ച നേട്ടമാണ്. കേരള ടൂറിസം വ്യവസായത്തിന് ഗുണകരമാകുന്നതാണ് ഈ വർധനവ്. 2,035 ആഭ്യന്തര ബയർമാരും 76 രാജ്യങ്ങളിൽ നിന്നായി 804 വിദേശബയർമാരുമാണ് കെടിഎമ്മിൻറെ ഭാഗമാകുന്നത്. സംസ്ഥാനത്തെ ടൂറിസം സെല്ലേഴ്സിന് ഇത് മികച്ച അവസരമൊരുക്കുമെന്നും ആഭ്യന്തര സഞ്ചാരികൾക്കൊപ്പം വിദേശസഞ്ചാരികളുടെ എണ്ണവും ബുക്കിംഗും വർധിപ്പിക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

എക്സ്പോ ഉദ്ഘാടനം ചെയ്ത മന്ത്രി വിവിധ ടൂറിസം സ്ഥാപനങ്ങളുടെയും ഉത്പന്നങ്ങളുടെയും സ്റ്റാളുകൾ സന്ദർശിച്ചു. സംസ്ഥാന ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി, കേരള ടൂറിസം ഡവലപ്മെൻറ് കോർപ്പറേഷൻ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവെൽസ് സ്റ്റഡീസ് (കിറ്റ്സ്), തമിഴ്നാട് ടൂറിസം, കർണാടക ടൂറിസം, ഇൻക്രെഡിബിൾ ഇന്ത്യ സ്റ്റാളുകളിൽ മന്ത്രി സമയം ചെലവിട്ടു. ഉത്തരവാദിത്ത ടൂറിസം പവലിയനിൽ കളിമൺപാത്ര നിർമ്മാണത്തിൽ ഏർപ്പെട്ട മന്ത്രി തമിഴ്നാട്, കർണാടക ടൂറിസം പ്രതിനിധികളുമായി കുശലാന്വേഷണം നടത്തുകയും കെടിഎമ്മിൻറെ ഭാഗമായതിലെ നന്ദി അറിയിക്കുകയും ചെയ്തു. കെടിഡിസി ഹോട്ടലുകളുടെ വിശദവിവരങ്ങളടങ്ങിയ ആൽബം പരിശോധിച്ച മന്ത്രി അഡ്വഞ്ചർ ടൂറിസം സൊസൈറ്റി സ്റ്റാളും സന്ദർശിച്ചു.

ടൂറിസം സെക്രട്ടറി കെ ബിജു, ടൂറിസം ഡയറക്ടർ ശിഖ സുരേന്ദ്രൻ, കെടിഎം സൊസൈറ്റി പ്രസിഡൻറ് ജോസ് പ്രദീപ്, സെക്രട്ടറി എസ് സ്വാമിനാഥൻ തുടങ്ങിയവരും മന്ത്രിയെ അനുഗമിച്ചു.

ആകെ 347 സ്റ്റാളുകളാണ് കെടിഎമ്മിലുള്ളത്. സെപ്റ്റംബർ 29 വരെയാണ് കെടിഎം നടക്കുന്നത്. വാണിജ്യ കൂടിക്കാഴ്ചകൾ, നയകർത്താക്കളുടെ യോഗങ്ങൾ, ദേശീയ അന്തർദേശീയ വിദഗ്ധർ പങ്കെടുക്കുന്ന സെമിനാറുകൾ തുടങ്ങിയവയും മാർട്ടിലുണ്ടാകും. ഞായറാഴ്ച പൊതുജനങ്ങൾക്ക് സൗജന്യമായി മാർട്ട് സന്ദർശിക്കാം.

## അമൃത് പദ്ധതിയിൽ നിയമനം

**തിരുവനന്തപുരം:** തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള അമൃത് പദ്ധതിയിൽ ഡെപ്യൂട്ടി മിഷൻ ഡയറക്ടർ, അർബൻ ഇൻഫ്രാസ്ട്രക്ചർ ആൻഡ് വാട്ടർ എക്സ്പേർട്ട്, പ്ലാനർ അസോസിയേറ്റ് തസ്തികകളിൽ അപേക്ഷ ക്ഷണിച്ചു. പ്രായപരിധി 60 വയസ്. http://forms.gle/fWQvLXQEyBSCaVuu6 എന്ന ഗൂഗിൾ ലിങ്കിലൂടെ ഒക്ടോബർ 15 വരെ അപേക്ഷ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0471 2323856/ 2320530, വെബ്സൈറ്റ്: https://amrutkerala.org.

## ഫാർമസിസ്റ്റ്, ഓഡിയോളജിസ്റ്റ്, സ്പെഷലിസ്റ്റ് ഡോക്ടർ നിയമനം

**മലപ്പുറം:** ദേശീയ ആരോഗ്യ ദൗത്യം ഫാർമസിസ്റ്റ്, ഓഡിയോളജിസ്റ്റ് തുടങ്ങിയ തസ്തികയിലേക്കും ദേശീയ നഗരാരോഗ്യദൗത്യത്തിനു കീഴിൽ പ്രവർത്തിക്കുന്ന യു.പി.എച്ച്.സിയിലേക്ക് സ്പെഷലിസ്റ്റ് ഡോക്ടർ(ജനറൽ മെഡിസിൻ, ഗൈനക്കോളജിസ്റ്റ്, പീഡിയാട്രിക്സ്, ഇഎൻടി, ഡെർമറ്റോളജി, സൈക്കാട്രി, ഒഫ്താൽമോളജി) തസ്തികയിലേക്കും അപേക്ഷ ക്ഷണിച്ചു. ഒക്ടോബർ നാല് വൈകീട്ട് അഞ്ച് വരെ ഓൺലൈനായി അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് www.arogyakeralam.gov.in സന്ദർശിക്കുക. ഫോൺ:0483 2730313, 9846700711. അപേക്ഷ നൽകുന്നതിനുള്ള ലിങ്ക്: https://arogyakeralam.gov.in

## ട്രാൻസ്ജെൻഡർ വിഭാഗക്കാർക്ക് അവസരം

**മലപ്പുറം:** ദേശീയ ആരോഗ്യ ദൗത്യം പദ്ധതിയുടെ ഭാഗമായി ട്രാൻസ്ജെൻഡർ വ്യക്തികൾക്കിടയിൽ ആരോഗ്യപരിരക്ഷ ഉറപ്പാക്കുന്നതിനായി മലപ്പുറം ജില്ലയിൽ ട്രാൻസ്ജെൻഡർ വ്യക്തികളിൽ നിന്ന് ലിങ്ക് വർക്കർമാരെ തിരഞ്ഞെടുക്കുന്നു. രണ്ട് ഒഴിവുകളാണുള്ളത്. അപേക്ഷകർ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ അനുവദിച്ചിട്ടുള്ള ഐഡി കാർഡ് ഉള്ളവരായിരിക്കണം. പ്രായപരിധി 18നും 50 നും ഇടയിൽ. എട്ടാം ക്ലാസ് പാസായിരിക്കണം. സാമൂഹ്യസേവനമേഖലയിൽ മൂന്നുവർഷത്തെ പ്രവൃത്തി പരിചയം അഭികാമ്യം. യോഗ്യരായ ഉദ്യോഗാർത്ഥികൾ ഒക്ടോബർ രണ്ടിന് മുൻപ് മലപ്പുറം സിവിൽ സ്റ്റേഷനിൽ ബി.3 ബ്ലോക്കിലെ ആരോഗ്യ കേരളം ജില്ലാ ഓഫീസിൽ അപേക്ഷ സമർപ്പിക്കണമെന്ന് എൻ.എച്ച്.എം ജില്ലാ പ്രോഗ്രാം മാനേജർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക്: www.arogyakeralam.gov.in. ഫോൺ: 9946009253, 8589050075.

## അക്കൗണ്ടന്റ് നിയമനം

**കണ്ണൂർ:** കുടുംബശ്രീ ജില്ലാമിഷന്റെ നേതൃത്വത്തിൽ ഇരിട്ടി, കല്ല്യാശ്ശേരി ബ്ലോക്കുകളിൽ പുതുതായി ആരംഭിക്കുന്ന മൈക്രോ എന്റെർപ്രൈസ് റിസോഴ്സ് സെന്ററിലേക്ക് അക്കൗണ്ടന്റിനെ താൽക്കാലികമായി നിയമിക്കുന്നു. അപേക്ഷകർ ഇരിട്ടി, കല്ല്യാശ്ശേരി ബ്ലോക്ക് പരിധിയിൽ താമസിക്കുന്ന, എം കോം, ടാലി യോഗ്യതയുള്ള 22 മുതൽ 45 വയസ്സ് വരെ പ്രായമുള്ള കുടുംബശ്രീ അംഗങ്ങൾ, കുടുംബാംഗങ്ങൾ ഓക്സിലറി ഗ്രൂപ്പ് അംഗങ്ങളായ വനിതകൾ ആയിരിക്കണം. ഉദ്യോഗാർഥികൾ സ്വന്തമായി തയ്യാറാക്കിയ ബയോഡാറ്റ, വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പുകൾ എന്നിവ അടങ്ങിയ അപേക്ഷ ഒക്ടോബർ അഞ്ചിന് വൈകിട്ട് അഞ്ച് മണിക്കകം സമർപ്പിക്കണം. ഇരിട്ടി ബ്ലോക്ക് പരിധിയിലെ അപേക്ഷകർ മട്ടന്നൂർ നഗരസഭ കുടുംബശ്രീ സിഡിഎസ് ഓഫീസിലും, കല്ല്യാശ്ശേരി ബ്ലോക്ക് പരിധിയിലെ അപേക്ഷകർ ചെറുതാഴം ഗ്രാമപഞ്ചായത്ത് സിഡിഎസ് ഓഫീസിലുമാണ് സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് അതാത് സിഡിഎസ് ഓഫീസുമായി ബന്ധപ്പെടുക.

## അസാപ് കേരള വെബിനാർ

**കണ്ണൂർ:** അസാപ് കേരളയുടെ നേതൃത്വത്തിൽ കരിയർ പാത്ത്വേസ്: ഓപ്പർച്യുനീറ്റീസ് ഫോർ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ട്രെയിനേർസ് എന്ന വിഷയത്തിൽ ഒക്ടോബർ ഒന്നിന് വൈകീട്ട് ഏഴ് മുതൽ എട്ട് വരെ വെബിനാർ സംഘടിപ്പിക്കുന്നു. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ട്രെയിനിങ് മേഖലയിലെ പുതിയ ട്രെൻഡുകൾ മനസ്സിലാക്കാനും കോർപ്പറേറ്റ് ട്രെയിനിങ്, ഓൺലൈൻ ട്യൂഷൻ, ഫ്രീലാൻസിങ്, കൺസൾട്ടിങ്, സോഫ്റ്റ് സ്കിൽ ട്രെയിനിങ്, സ്കിൽ ട്രെയിനിങ് എന്നീ മേഖലകളിലെ അവസരങ്ങൾ അറിയാനും കരിയറിനെ രൂപപ്പെടുത്തുവാനുള്ള വിവിധ ടിപ്പുകൾക്കായും ഈ അവസരം ഉപയോഗിക്കാം. ഡിഗ്രിക്ക് ശേഷം ഒരു തൊഴിലവസരം അന്വേഷിക്കുന്നവർക്ക് രജിസ്റ്റർ ചെയ്യാം. ഫോൺ: 7025347324 ലിങ്ക്: https://csp.asapkerala.gov.in/events/exploringcareer-pathwaysopportunities-for communicative englisht rainers and beyond

# ഓളപ്പരപ്പിൽ ആവേശമുയർത്തി ജലമാമാങ്കം ഇന്ന്

**ആലപ്പുഴ:** 70ാമത് നെഹ്റു ട്രോഫി വള്ളംകളി ഇന്ന് (28) ഉച്ചകഴിഞ്ഞ് രണ്ടിന് പുന്നമട നെഹ്റു പവലിയനിലൊരുക്കിയ വേദിയിൽ വിനോദസഞ്ചാര, പൊതുമരാമത്ത് വകുപ്പ് മന്ത്രി പി എ മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. നെഹ്റു പ്രതിമയിലെ പുഷ്പാർച്ചനയോടെയാണ് ഉദ്ഘാടന പരിപാടികൾ ആരംഭിക്കുക. കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് അധ്യക്ഷത വഹിക്കും.

മൽസരങ്ങളുടെ ഫ്ളാഗ് ഓഫ് സാംസ്കാരിക വകുപ്പു മന്ത്രി സജി ചെറിയാൻ നിർവഹിക്കും. സഹകരണ, രജിസ്ട്രേഷൻ വകുപ്പ് മന്ത്രി വി എൻ വാസവൻ മാസ്ഡ്രിൽ ഫ്ളാഗ് ഓഫ് ചെയ്യും. എംപിമാരായ കെ സി വേണുഗോപാൽ, കൊടിക്കുന്നിൽ സുരേഷ് എന്നിവർ മുഖ്യ പ്രഭാഷണം നടത്തും. എൻ.ടി.ബി.ആർ. സുവനീറിന്റെ പ്രകാശനം പി പി ചിത്തരഞ്ജൻ എംഎൽഎ നിർവഹിക്കും. എച്ച് സലാം എംഎൽഎ മുഖ്യാഥിതിക്കുള്ള മെമന്റോ കൈമാറും. എംഎൽഎമാരായ രമേശ് ചെന്നിത്തല, തോമസ് കെ തോമസ്, യു പ്രതിഭ, എംഎസ് അരുൺ കുമാർ, ജില്ലപഞ്ചായത്ത് പ്രസിഡന്റ് കെ ജി രാജേശ്വരി, ആലപ്പുഴ മുൻസിപ്പൽ ചെയർപെഴ്സൺ കെ കെ ജയമ്മ എന്നിവർ പങ്കെടുക്കും.

ഒൻപത് വിഭാഗങ്ങളിലായി 74 വള്ളങ്ങളാണ് ഇക്കുറി നെഹ്റു ട്രോഫിയിൽ മാറ്റുരയ്ക്കുന്നത്. ചുണ്ടൻ വള്ളങ്ങളുടെ വിഭാഗത്തിൽ 19 വള്ളങ്ങളുണ്ട്. ചുരുളൻ3, ഇരുട്ടുകുത്തി എ ഗ്രേഡ്4, ഇരുട്ടുകുത്തി ബി ഗ്രേഡ്16, ഇരുട്ടുകുത്തി സി ഗ്രേഡ്14, വെപ്പ് എ ഗ്രേഡ്7, വെപ്പ് ബി ഗ്രേഡ്4, തെക്കനോടി തറ, തെക്കനോടി കെട്ട്4 എന്നിങ്ങനെയാണ് മറ്റു വിഭാഗങ്ങളിൽ മത്സരിക്കുന്ന വള്ളങ്ങളുടെ എണ്ണം.

രാവിലെ 11ന് മത്സരങ്ങൾ ആരംഭിക്കും. ചെറുവള്ളങ്ങളുടെ ഹീറ്റ്സാണ് ആദ്യം. ഉച്ചകഴിഞ്ഞ് രണ്ടിന് നടക്കുന്ന ഉദ്ഘാടന സമ്മേളനത്തിനു ശേഷമാകും ചുണ്ടൻ വള്ളങ്ങളുടെ ഹീറ്റ്സ് മത്സരങ്ങളും ചെറു വള്ളങ്ങളുടെ ഫൈനൽ മത്സരങ്ങളും നടക്കുക.

വൈകുന്നേരം 3.45 മുതലാണ് ഫൈനൽ മത്സരങ്ങൾ. കഴിഞ്ഞ വർഷം നെഹ്റു ട്രോഫി നേടിയ വള്ളത്തിന്റെ ക്യാപ്റ്റനായ അലൻ മൂന്ന്തൈക്കൽ തുഴച്ചിൽക്കാർക്ക് സത്യവാചകം ചൊല്ലിക്കൊടുക്കും. ആർ.കെ. കുറുപ്പ് ബോട്ട് ക്യാപ്റ്റന്മാരെ പരിചയപ്പെടുത്തും. എൻ.ടി.ബി.ആർ. സൊസൈറ്റി ചെയർപേഴ്സണായ ജില്ലാ കളക്ടർ അലക്സ് വർഗീസ് സ്വാഗതവും സെക്രട്ടറി സബ് കളക്ടർ സമീർ കിഷൻ നന്ദിയും പറയും.

മൂന്ന് മണി മുതൽ ജലകായിക ഇനങ്ങളും സാംസ്കാരിക പരിപാടികളും അരങ്ങേറും. വൈകിട്ട് അഞ്ചുമണിക്ക് സമ്മാനദാന ചടങ്ങ് ആരംഭിക്കും.

# അന്താരാഷ്ട്ര പുസ്തകോത്സവം: സാംസ്കാരികയാത്ര ഇന്ന്

കൊച്ചി: അന്താരാഷ്ട്ര പുസ്തകോത്സവ സമിതിയുടെ ആഭിമുഖ്യത്തിൽ പി. കേശവദേവിന്റെ പറവൂരിലെ തറവാട്ടു വളപ്പിൽ നിന്ന് വെണ്ണല മോഹന്റെ നേതൃത്വത്തിൽസാംസ്കാരിക യാത്ര നടത്തുന്നു. പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ എംഎൽഎ ഉദ്ഘാടനം ചെയ്യുന്ന യാത്ര പാലിയംകൊട്ടാരം, കൊടുങ്ങല്ലൂർ വിവേകാനന്ദകേന്ദ്രം, കുഞ്ഞിക്കുട്ടൻ തമ്പുരാൻ സ്മാരകം, ഇരിങ്ങാലക്കുട ഉണ്ണായി വാരിയർ സ്മാരകം, നടന കൈരളി, അമ്മന്നൂർ മാധവ ചാക്യാർ ഗുരുകുലം എന്നിവിടങ്ങളിൽ സന്ദർശനം നടത്തി കല്ലേറ്റുംകര സംഗമ ഗ്രാമ മാധവാചാര്യരുടെ സ്മൃതികളുറങ്ങുന്ന ഭൂമിയിൽ സമാപിക്കുന്നു. കവി ഐ എസ് കുണ്ടൂർ, പറവൂർ മുനിസിപ്പൽ ചെയർപേഴ്സൺ ബീന ശശിധരൻ, ഡോകൂർ എം.ലക്ഷ്മീകുമാരി, ഡോ. പി. വി.ആശാലത, അമ്മന്നൂർ കുട്ടൻ ചാക്യാർ,വേണുജി, നിർമ്മല പണിക്കർ, അഡ്വ. എം. ശശിശങ്കർ തുടങ്ങിയവർ വിവിധ പരിപാടികളിൽ പങ്കെടുത്ത് സംസാരിക്കും. നവംബർ 29 മുതൽ ഡിസംബർ 8 വരെ എറണാകുളത്തപ്പൻ ഗ്രൗണ്ടിൽ വച്ചാണ് അന്താരാഷ്ട്ര പുസ്തകോത്സവം.




# കഠിനപ്രയത്നവും ഇച്ഛാശക്തിയുമുണ്ടെങ്കിൽ ഏത് നേട്ടവും സ്വന്തമാക്കാം: സുഹൈയിം ഷെയ്ഖ്

**കൊച്ചി:** കഠിനപ്രയത്നവും ഇച്ഛാശക്തിയുമുണ്ടെങ്കിൽ ഏത് നേട്ടവും കയ്യെത്തിപ്പിടിക്കാമെന്ന് ഹൈദരാബാദ് യാട്ട് ക്ലബ് സ്ഥാപക പ്രസിഡന്റ് സുഹൈയിം ഷെയ്ഖ്. ഉറച്ച തീരുമാനമുണ്ടെങ്കിൽ ഏതൊരാൾക്കും ആഗ്രഹങ്ങളേ യാഥാർഥ്യമാക്കാൻ കഴിയുമെന്നും അദ്ദേഹം പറഞ്ഞു. ഭാരതീയ വിദ്യ ഭവനിൽ നടന്ന പ്രഭാഷണത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സ്പോർട്സിലൂടെ മാന്യത നേടാമെന്ന് കുട്ടികളെ പഠിപ്പിക്കണമെന്നും സുഹൈയിം ഷെയ്ഖ് പറഞ്ഞു. ഹൈദരാബാദ് യാട്ട് ക്ലബിന്റെ പ്രവർത്തനങ്ങളെ കുറിച്ചും ക്ലബിലെ കുട്ടികൾ നേട്ടങ്ങൾ സ്വന്തമാക്കിയ അനുഭവങ്ങളും അദ്ദേഹം പങ്ക് വച്ചു.

ഭവൻസ് കൊച്ചി കേന്ദ്രം ചെയർമാൻ വേണുഗോപാൽ സി ഗോവിന്ദ് അധ്യക്ഷത വഹിച്ചു. പ്രോഗ്രാം കോർഡിനേറ്റർ മീന വിശ്വനാഥൻ പ്രഭാഷകനെ പരിചയപ്പെടുത്തി. പനങ്ങാട് ഗ്ലോബൽ സെയ്‌ലിംഗ് ക്ലബ് മുൻ പ്രസിഡന്റ് വൈസ് അഡ്മിറൽ ആർ.പി സുതൻ, എൻ സി സി ഹെഡ്ക്വാർട്ടേഴ്സ് ഗ്രൂപ്പ് കമാണ്ടർ സൈമൺ മത്തായി, റീജിയണൽ സ്പോർട്ട്സ് സെന്റർ ഓണററി സെക്രട്ടറി എസ് എ എസ് നവാസ് എന്നിവർ പ്രസംഗിച്ചു. ഭവൻസ് കൊച്ചി കേന്ദ്രം ഡയറക്ടർ ഇ.രാമൻകുട്ടി സ്വാഗതവും ഓണററി സെക്രട്ടറി കെ. ശങ്കരനാരായണൻ നന്ദിയും പറഞ്ഞു.

## തിരഞ്ഞെടുത്തു

**കോലഞ്ചേരി:** ജില്ലാ റെസിഡന്റ്സ് അസോസിയേഷൻ അപെക്സ് കൗൺസിൽ കുന്നത്തുനാട് മേഖല കമ്മിറ്റി രൂപീകരണ യോഗം ജില്ലാ വൈസ് പ്രസിഡന്റ് ആർ. നന്ദകുമാർ ഉദ്ഘാടനം ചെയ്തു. എം.ജി. ചന്ദ്രശേഖരൻ അദ്ധ്യക്ഷനായി. കുന്നത്തുനാട്, കിഴക്കമ്പലം, ഐക്കരനാട്, മഴുവന്നൂർ പഞ്ചായത്തുകളിലെ റെസിഡന്റ്സ് അസോസിയേഷനുകളാണ് കമ്മിറ്റിയിൽ ഉൾപ്പെടുന്നത്. സാബു വർഗീസ്, പി.എ. നൗഷാദ്, കെ.എച്ച്. പ്രദീപ് എന്നിവർ സംസാരിച്ചു. ഭാരവാഹികളായി പി.പി. മൈതീൻ (പ്രസിഡന്റ്), സാബു വർഗീസ് (ജനറൽ സെക്രട്ടറി ), പി.എ. നൗഷാദ് (ട്രഷറർ), ടി.വി. യോഹന്നാൻ, എം.ജി. ചന്ദ്രകാന്തൻ (വൈസ് പ്രസിഡന്റമാർ ), കെ എ. വീരാകുട്ടി, അബു എബ്രാഹാം ജോയി (ജോയിന്റ് സെക്രട്ടറിമാർ) എന്നിവരെയും എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായി പി.എൻ. സിജു, ഇ.എം. അഷറഫ്, ബാബുചൊള്ളാപ്പിള്ളി, എൽദോ പി. കുര്യാക്കോസ്, കെ.വി. ജമാൽ, ലീല പത്രോസ് എന്നിവരെയും തിരഞ്ഞെടുത്തു.

## കുസാറ്റ്: ഹിന്ദി ദിനാചരണം സംഘടിപ്പിച്ചു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ഹിന്ദി വകുപ്പ്, ഛാത്ര പരിഷത്ത്, ബാങ്ക് ഓഫ് ബറോഡ എന്നിവരുടെ സംയുക്ത ആഭിമുഖ്യത്തിൽ ഹിന്ദി ദിനം ആഘോഷിച്ചു. പരിപാടിയോടനുബന്ധിച്ച് വിവിധ കാര്യപരിപാടികളും അഖില കേരള ക്വിസ് മത്സരവും നടത്തി. ഛാത്രപരിഷത്ത് പ്രസിഡണ്ട് നന്ദ എൻ നായർ അധ്യക്ഷത വഹിച്ച ചടങ്ങിൽ എറണാകുളം ദക്ഷിണ ഭാരത ഹിന്ദി പ്രചാര സഭയുടെ വകുപ്പ് മേധാവി പ്രൊഫസർ സഞ്ജയ് ലക്ഷ്മൺ മാതാ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

# എം പോക്സ് രോഗ ലക്ഷണങ്ങൾ ഉള്ളവർ കൃത്യമായ ചികിത്സ തേടണം



**തിരുവനന്തപുരം:** സംസ്ഥാനത്ത് വീണ്ടും എംപോക്സ് സ്ഥിരീകരിച്ച സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി. രോഗിയുമായി സമ്പർക്കത്തിൽ വന്നവരുടെ സമ്പർക്ക പട്ടിക തയ്യാറാക്കി പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമായിട്ടുണ്ട്. രോഗലക്ഷണങ്ങൾ പ്രകടമായതിന് ശേഷമാണ് പ്രധാനമായും രോഗം പകരുന്നത്. അതിനാൽ രോഗലക്ഷണങ്ങളുണ്ടായാൽ അത് മറ്റുള്ളവരിലേക്ക് പകരാതിരിക്കാൻ വളരെയേറെ ശ്രദ്ധിക്കണം. വിദേശ രാജ്യങ്ങളിൽ നിന്നും വരുന്നവർക്ക് എന്തെങ്കിലും രോഗലക്ഷണങ്ങൾ ഉണ്ടായാൽ ചികിത്സ തേടുകയും ആരോഗ്യ വകുപ്പിനെ വിവരം അറിയിക്കുകയും വേണം. എല്ലാ ജില്ലകളിലും ഐസൊലേഷൻ സൗകര്യം ഒരുക്കിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

കൂടുതൽ കേസുകളുടെ സാധ്യത മുന്നിൽ കണ്ട് എല്ലാ ജില്ലകളിലും കൂടുതൽ ഐസൊലേഷൻ സൗകര്യങ്ങളൊരുക്കാൻ മന്ത്രി നിർദേശം നൽകി. എയർപോർട്ടുകളിലുൾപ്പെടെ അവബോധം ശക്തിപ്പെടുത്തണം. കോവിഡ് 19 , എച്ച്1 എൻ1 ഇൻഫ്ളുവൻസ എന്നിവയെപ്പോലെ പോലെ വായുവിലൂടെ പകരുന്ന ഒരു രോഗമല്ല എം പോക്സ്. രോഗം ബാധിച്ച വ്യക്തിയുമായി മുഖാമുഖം വരിക, നേരിട്ട് തൊലിപ്പുറത്ത് സ്പർശിക്കുക, ലൈംഗിക ബന്ധത്തിലേർപ്പെടുക, ചുംബിക്കുക, രോഗി ഉപയോഗിച്ച കിടക്ക, വസ്ത്രം എന്നിവ ഉപയോഗിക്കുക തുടങ്ങിയവയിലൂടെ രോഗപ്പകർച്ചക്കുള്ള സാധ്യത വളരെയേറെയാണ്.

ത്വക് രോഗ വിദഗ്ധരുടെ യോഗം ചേർന്നിരുന്നു. ഐഎംഎയുടെ സഹകരണത്തോടെ സ്വകാര്യ മേഖലയിലെ ഫിസിഷ്യൻ, പീഡിയാട്രീഷ്യൻ, ഡെർമറ്റോളജിസ്റ്റ് എന്നിവരെ കൂടി ഉൾപ്പെടുത്തി യോഗം ചേരും. പ്രായമായവർ, കുട്ടികൾ, ഗർഭിണികൾ എന്നിവരെ പ്രത്യേകം ശ്രദ്ധിക്കണം. ഫീൽഡ് തല ആരോഗ്യ പ്രവർത്തകർ ജാഗ്രതയോടെയിരിക്കണം. പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന് ഫീൽഡ് ആരോഗ്യ പ്രവർത്തകരുടെ യോഗം ഉടനെ വിളിച്ച് ചേർക്കുന്നതാണ്.

പനി, തീവ്രമായ തലവേദന, കഴലവീക്കം, നടുവേദന, പേശി വേദന, ഊർജക്കുറവ് എന്നിവയാണ് എം പോക്സിന്റെ പ്രാരംഭ ലക്ഷണങ്ങൾ. പനി തുടങ്ങി ഒരാഴ്ചയ്ക്കുള്ളിൽ ദേഹത്ത് കുമിളകളും ചുവന്ന പാടുകളും പ്രത്യക്ഷപ്പെടാൻ തുടങ്ങുന്നു. മുഖത്തും, കൈകാലുകളിലുമാണ് കൂടുതൽ കുമിളകൾ കാണപ്പെടുന്നത്. ഇതിനുപുറമെ കൈപ്പത്തി, ജനനേന്ദ്രിയം എന്നീ ശരീരഭാഗങ്ങളിലും ഇവ കാണപ്പെടാം.

അസുഖബാധിതരായ ആൾക്കാരുമായി സുരക്ഷാ മാർഗങ്ങൾ അവലംബിക്കാതെ അടുത്തിടപഴകുന്ന ആൾക്കാർക്കാണ് എംപോക്സ് ഉണ്ടാകുന്നത്. വൈറസ് ബാധയുണ്ടെന്ന് സംശയിക്കുന്നതോ സ്ഥിരീകരിച്ചതോ ആയ രോഗികളെ പരിചരിക്കുന്ന ആരോഗ്യ പ്രവർത്തകരും രോഗബാധിതരുടെ സ്രവങ്ങൾ കൈകാര്യം ചെയ്യുന്നവരും രോഗപ്പകർച്ച ഒഴിവാക്കുന്നതിനായി നിർബന്ധമായും നിർദേശിച്ചിട്ടുള്ള അണുബാധ നിയന്ത്രണ മുൻകരുതലുകൾ സ്വീകരിക്കണം. ആരോഗ്യ പ്രവർത്തകർ രോഗികളെയോ അവരുടെ വസ്തുക്കളെയോ സ്പർശിച്ച ശേഷം കൈകൾ സാനിറ്റൈസർ അല്ലെങ്കിൽ സോപ്പും വെള്ളവും ഉപയോഗിച്ച് വൃത്തിയാക്കണം.

ഉന്നത ഉദ്യോഗസ്ഥരോടൊപ്പം ജില്ലാ മെഡിക്കൽ ഓഫീസർമാർ, ജില്ലാ പ്രോഗ്രാം മാനേജർമാർ, ജില്ലാ സർവൈലൻസ് ഓഫീസർമാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.




# എല്ലാവരെയും ഉൾക്കൊണ്ടുള്ള ടൂറിസം വികസനത്തിൽ കേരളം മാതൃക

**കൊച്ചി:** വൈവിദ്ധ്യം, തുല്യത, എല്ലാവരെയും ഉൾക്കൊള്ളുന്ന സമീപനം എന്നിവയിൽ കേരളം ലോകത്തിന് തന്നെ മാതൃകയാണെന്ന് ഇൻറർനാഷണൽ ബിസിനസ് റിലേഷൻസ്സ് ക്വീർ ഡെസ്റ്റിനേഷൻസ് ഡയറക്ടറും മിഷൻ റെസ്പോൺസിബിൾ ടൂറിസം സ്ഥാപകയുമായ റിക്കാ ജീൻ ഫ്രാങ്കോയ്സ് അഭിപ്രായപ്പെട്ടു. കേരള ടൂറിസം ഭാവിയിലേക്കുള്ള വഴി എന്ന വിഷയത്തിൽ കേരള ട്രാവൽ മാർട്ടിൽ നടന്ന സെമിനാറിൽ സംസാരിക്കുകായിരുന്നു അവർ.

മാറുന്ന സാമൂഹ്യസാഹചര്യത്തിനനുസരിച്ച് ടൂറിസമടക്കം എല്ലാ മേഖലയിലും മാറ്റങ്ങൾ നടന്നു വരികയാണെന്ന് റിക്കാ ഫ്രാങ്കോയിസ് ചൂണ്ടിക്കാട്ടി. പുരോഗമന മന:സ്ഥിതിയുള്ള തലമുറയാണ് വളർന്നുവരുന്നത്. അവരുടെ സാമൂഹ്യബോധത്തിനനുസരിച്ച് ആതിഥേയ വ്യവസായത്തിലും മാറ്റങ്ങൾ വരണം. പ്രാദേശിക ജനതയുടെ പങ്കാളിത്തം ടൂറിസം വ്യവസായത്തിൽ ഉറപ്പാക്കണമെന്ന് അന്താരാഷ്ട്ര ട്രാവൽ മേളകളിലെല്ലാം ആഹ്വാനമുയരുന്നുണ്ട്. ഉത്തരവാദിത്ത ടൂറിസത്തിലൂടെ കേരളം ഈ ദിശയിൽ ഏറെ മുന്നോട്ടു പോയെന്നും അവർ ചൂണ്ടിക്കാട്ടി.130 ബില്യൺ ഡോളറാണ് രാജ്യത്തെ വിവാഹമാർക്കറ്റെന്ന് റെയിൻ മേക്കർ വെഡിംഗിൻറെ ഡയറക്ടർ ജോയൽ ജോൺ പറഞ്ഞു. ഇൻറിമേറ്റ് വെഡിംഗ് വിഭാഗത്തിൽ കേരളത്തിന് സാധ്യതകൾ ഏറെയാണ്. രാജ്യത്ത് ഏറ്റവുമധികം പഞ്ചനക്ഷത്ര ഹോട്ടലുകളുള്ള സംസ്ഥാനമാണെങ്കിലും വിവാഹസൗഹൃദമായത് 15 ൽ താഴെയാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. അന്താരാഷ്ട്ര വിവാഹ ഡെസ്റ്റിനേഷനുകൾ ചെലവേറിയതാകുന്നത് കേരളത്തിന് സാധ്യത വർധിപ്പിക്കുകയാണ്. ഇത് കേരള ടൂറിസത്തിൻറെ ഭാവിയിലേക്കുള്ള വഴിയാണെന്നും അദ്ദേഹം പറഞ്ഞു.അതിജീവനത്തിൻറെ പ്രതീകമായി ടൂറിസം മാറിയെന്നതാണ് കാൽ നൂറ്റാണ്ടത്തെ മാറ്റമെന്ന് സിജിഎച് എർത്ത് സ്ഥാപകനും കെടിഎം സ്ഥാപക പ്രസിഡൻറുമായ ജോസ് ഡൊമനിക് പറഞ്ഞു. സംസ്ഥാനത്ത് ഏറ്റവുമധികം തൊഴിൽ നൽകുന്ന മേഖല, ജിഡിപിയിലെ ഏറ്റവും വലിയ സംഭാവന എന്നിവയൊക്കെ ടൂറിസത്തിൽ നിന്നാണ്. സാധാരണത്വത്തിലെ അസാധാരണത്വമാണ് കേരള ടൂറിസത്തിൻറെ പ്രത്യേകതയെന്നും അദ്ദേഹം പറഞ്ഞു.പുതിയ ഉത്പന്നങ്ങൾ ഉപഭോക്താക്കൾക്ക് നൽകാൻ തയ്യാറാകണമെന്ന് സോമതീരം ഗ്രൂപ്പിൻറെ സ്ഥാപകനും കെടിഎം മുൻ പ്രസിഡൻറുമായ ബേബി മാത്യു ചൂണ്ടിക്കാട്ടി. പ്രകൃതി, പ്രാദേശിക സംസ്ക്കാരം, സാമൂഹ്യസാമ്പത്തിക ഉന്നമനം എന്നിവ ടൂറിസത്തിലൂടെ ലക്ഷ്യം വയ്ക്കണം. ടൂറിസം കേന്ദ്രങ്ങളുടെ ഗുണനിലവാരം വർധിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു.ഏറ്റവും കുറവ് മലിനീകരണവും ഏറ്റവും കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുന്നതുമായ മേഖലയാണ് ടൂറിസമെന്ന് സെമിനാർ കമ്മിറ്റി ചെയർമാനും കെടിഎം മുൻ പ്രസിഡൻറുമായ റിയാസ് അഹമ്മദ് ചൂണ്ടിക്കാട്ടി. കാലഹരണപ്പെട്ട ഭൂനിയമങ്ങളിൽ കാലാനുസൃതമയ ഭേദഗതികൾ നടപ്പാക്കേണ്ടത് അത്യാവശ്യമാണ്. ടൂറിസത്തിലെ പിപിപി മാതൃക രാജ്യത്തിന് തന്നെ പ്രചോദനമാണെന്നും അദ്ദേഹം പറഞ്ഞു.

കെടിഎം പ്രസിഡൻറ് ജോസ് പ്രദീപ്, സെമിനാർ കമ്മിറ്റി വൈസ് ചെയർപേഴ്സൺ നിർമ്മല ലില്ലി തുടങ്ങിയവരും പങ്കെടുത്തു. സെമിനാറിനു ശേഷം ചോദ്യോത്തര വേളയും സംഘടിപ്പിച്ചു.

## ഗോദ്റെജ് അപ്ലയൻസസ് വിദ്യാഭ്യാസ മന്ത്രാലയവുമായി സഹകരിക്കുന്നു

കൊച്ചി: സ്മാർട്ട് ഇന്ത്യ ഹാക്കത്തോണിൻറെ ഏഴാമത് പതിപ്പിനായി ഗോദ്റെജ് എൻറർപ്രൈസസ് ഗ്രൂപ്പിൻറെ ഭാഗമായ ഗോദ്റെജ് ആൻറ് ബോയ്സിൻറെ അപ്ലയൻസസ് ബിസിനസ് വിദ്യാഭ്യാസ മന്ത്രാലയവുമായി സഹകരിക്കും.

സുസ്ഥിരതയും കാര്യക്ഷമതയും വർധിപ്പിക്കുന്ന രീതിയിലെ പുതുമയുള്ള പരിഹാരങ്ങൾ വീടുകളിലെ അനിവാര്യമായ ഈ ഉപകരണങ്ങൾക്കായി കണ്ടെത്തുക എന്നതാണ് സോഫ്റ്റ് വെയർ, ഹാർഡ് വെയർ വിഭാഗങ്ങൾക്കായി മുന്നോട്ടു വെക്കുന്ന പ്രമേയം. വിഭവങ്ങൾ സംരക്ഷിക്കുകയും പാരിസ്ഥിതിക ഉത്തരവാദിത്തങ്ങൾ നിറവേറ്റുകയും ചെയ്യുക എന്ന ആഗോള ലക്ഷ്യത്തോടു ചേർന്നാണ് ഈ നീക്കം.

## ആഗോള യാത്ര ലളിതമാക്കാൻ പിഎൻബി മൾട്ടികറൻസി വേൾഡ് ട്രാവൽ കാർഡ്

**ന്യൂഡൽഹി:** പ്രമുഖ പൊതുമേഖലാ ബാങ്കായ പഞ്ചാബ് നാഷണൽ ബാങ്ക് (പിഎൻബി) കറൻസി മാനേജ്മെന്റിന്റെ ആശങ്കയില്ലാതെ വിദേശയാത്ര ലളിതമാക്കുന്ന തങ്ങളുടെ പിഎൻബി മൾട്ടികറൻസി വേൾഡ് ട്രാവൽ കാർഡിന്റെ സുരക്ഷാ സവിശേഷതകൾ പരിഷ്കരിച്ചു. ഇതിന്റെ ഭാഗമായി ഈ കാർഡ് ഇപ്പോൾ മാസ്റ്റർകാർഡ് നെറ്റ്‌വർക്കിൽ ലഭ്യമാണ്.

3ഡി സെക്യൂർ, ചിപ്പ്ആൻഡ്പിൻ സാങ്കേതികവിദ്യയും തത്സമയ ഇടപാട് അലേർട്ടുകളും ഉൾപ്പെടെയുള്ള വിപുലമായ സുരക്ഷാ ഫീച്ചറുകളും സജ്ജീകരിച്ചിരിക്കുന്നു. പിഎൻബിയുടെ വെബ് അധിഷ്ഠിത ഉപഭോക്തൃ പോർട്ടൽ വഴി എപ്പോൾ വേണമെങ്കിലും എവിടെയും ഈ കാർഡ് ആക്സസ് ചെയ്തുകൊണ്ട് ഉപയോക്താക്കൾക്ക് ചിലവ് നിരീക്ഷിക്കാനും എടിഎം പിൻ പുനഃസജ്ജമാക്കാനും കാർഡ് ബ്ലോക്ക് ചെയ്യാനും കഴിയും.

ആറ് വിദേശ കറൻസികൾ ലോഡ് ചെയ്യാവുന്ന ഈ പ്രീപെയ്ഡ് കാർഡ്, വ്യത്യസ്ത ലക്ഷ്യസ്ഥാനങ്ങൾ സന്ദർശിക്കുമ്പോൾ നിരവധി കാർഡുകൾ കൈകാര്യം ചെയ്യുന്നതിന്റെ ബുദ്ധിമുട്ട് ഒഴിവാക്കുന്നു. യുഎസ് ഡോളർ, യൂറോ, ബ്രിട്ടീഷ് പൗണ്ട് സ്റ്റെർലിംഗ്, യുഎ ഇ ദിർഹം, കനേഡിയൻ ഡോളർ, സിംഗപ്പൂർ ഡോളർ എന്നീ കറൻസികൾക്കായി ഈ ഒരൊറ്റ കാർഡ് ഉപയോഗിക്കാം.

പിഎൻബി മൾട്ടികറൻസി വേൾഡ് ട്രാവൽ കാർഡിൽ ഒന്നോ അതിലധികമോ കറൻസികൾ ഉപയോഗിച്ച് കാർഡ് ലോഡുചെയ്യുമ്പോൾ വിനിമയ നിരക്ക് ലോക്ക് ചെയ്യാമെന്നതിനാൽ വിനിമയ നിരക്കിലെ നിരന്തരമായ ഏറ്റക്കുറച്ചിലുകൾ ഉപയോക്താവിനെ ബാധിക്കുന്നില്ല. എടിഎമ്മുകളിലും പിഒഎസ് ടെർമിനലുകളിലും ഇന്ത്യ, നേപ്പാൾ, ഭൂട്ടാൻ എന്നിവയൊഴികെ ലോകമെമ്പാടും സുരക്ഷിതമായും സൗകര്യപ്രദമായും ഓൺലൈൻ ഇടപാടുകൾക്കായി ഉപയോഗിക്കാം. തടസ്സമില്ലാതെ പേയ്മെന്റുകൾ നടത്താനും ആവശ്യമുള്ളപ്പോൾ പ്രാദേശിക കറൻസികളിൽ പണം പിൻവലിക്കാനും കോൺടാക്റ്റ്ലെസ് പേയ്മെന്റുകളുടെ സൗകര്യം ആസ്വദിക്കാനും കഴിയും.

കാർഡ് മോഷണമോ ദുരുപയോഗമോ ഉണ്ടായാൽ 3.50 ലക്ഷം രൂപ വരെയുള്ള നഷ്ടത്തിന് ഇൻഷുറൻസ് പരിരക്ഷയുമുണ്ട്.

## വിനോദസഞ്ചാര വികസനം: സന്ദർശർക്ക് അഭിപ്രായം രേഖപ്പെടുത്താനുള്ള സംവിധാനവുമായി കേന്ദ്രസർക്കാർ

**ന്യൂഡൽഹി :** വിനോദസഞ്ചാര വികസനത്തിലും വളർച്ചയിലും പൗരന്മാരെ പങ്കാളികളാക്കാനുള്ള ശ്രമത്തിൽ, ടൂറിസം മന്ത്രാലയം രാജ്യത്തുടനീളമുള്ള വിമാനത്താവളങ്ങളിലും റെയിൽവേ സ്റ്റേഷനുകളിലും സന്ദർശകരുടെ അഭിപ്രായം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ആരംഭിക്കുന്നു. രാജ്യത്തെ ടൂറിസം കേന്ദ്രങ്ങളിലേക്കും, വിനോദസഞ്ചാര മേഖലകളിലേക്കുമുള്ള യാത്രയ്ക്കുശേഷം സഞ്ചാരികൾക്ക് അവരുടെ അഭിപ്രായം ഇവിടെ രേഖപ്പെടുത്താൻ ആവും.

വിമാനത്താവളങ്ങളിലെയും റെയിൽവേ സ്റ്റേഷനുകളിലെയും പ്രധാനപ്പെട്ട ഇടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ക്യൂആർ കോഡ് സ്കാൻ ചെയ്യുന്നതിലൂടെ യാത്രക്കാർക്ക് ഏകദേശം 30 സെക്കൻഡ് വിനിയോഗിച്ചുകൊണ്ട് അവരുടെ അഭിപ്രായവും യാത്ര അനുഭവത്തെ അടിസ്ഥാനമാക്കിയുള്ള റേറ്റിംഗും രേഖപ്പെടുത്താനാവുംഈ സംവിധാനം തത്സമയവും ചലനാത്മക സ്വഭാവവുമുള്ളതായിരിക്കും.വിവിധ പങ്കാളികളുമായി സഹകരിച്ച് പ്രശ്നങ്ങൾ സജീവമായി പരിഹരിക്കാൻ ഇത് ടൂറിസം മന്ത്രാലയത്തെ സഹായിക്കും. വിനോദസഞ്ചാര വികസനത്തിനുള്ള ഉൾക്കാഴ്ചകളുടെയും വിവിധതരം വിവരങ്ങളുടെയും സമ്പന്നമായ ഉറവിടമായി ഇത് മാറും.ടൂറിസം മന്ത്രാലയം തയ്യാറാക്കി നൽകുന്ന ക്യൂ ആർ കോഡ് ആയിരിക്കും സ്ഥാപിക്കുന്നത്. സിവിൽ വ്യോമയാന മന്ത്രാലയം, റെയിൽവേ മന്ത്രാലയം എന്നിവയുമായി സഹകരിച്ച് രാജ്യത്തുടനീളമുള്ള വിമാനത്താവളങ്ങളിലും റെയിൽവേ സ്റ്റേഷനുകളിലും ടൂറിസം മന്ത്രാലയം ഈ സംവിധാനങ്ങൾ സ്ഥാപിക്കും.വിനോദസഞ്ചാര നയവും തന്ത്രവും രൂപപ്പെടുത്തുന്നതിനുള്ള ഉൾക്കാഴ്ചയുടെയും വിവരങ്ങളുടെയും വിശ്വസനീയമായ ഉറവിടമായി കാലക്രമേണ ഈ സംവിധാനം മാറും .

## ബാസ്കിൻ റോബിൻസ് ആയിരാമത്തെ സ്റ്റോർ തുറന്നു

**കൊച്ചി:** അമേരിക്കൻ ഐസ്ക്രീം ബ്രാൻഡായ ബാസ്കിൻ റോബിൻസ്, ഇന്ത്യയിൽ ബ്രാൻഡിന്റെ 1000ാമത്തെ സ്റ്റോർ തുറന്നു. ഇതോടെ ഇന്ത്യയിലെ ഏറ്റവും വലിയ ഐസ്ക്രീം റെസ്റ്റോറന്റ് ബ്രാൻഡെന്ന നേട്ടവും ബാസ്കിൻ റോബിൻസ് സ്വന്തമാക്കി. ഇന്ത്യയിൽ ഞങ്ങളുടെ 1000ാമത്തെ സ്റ്റോർ തുറക്കുന്ന ഈ സുപ്രധാന സന്ദർഭം ആഘോഷിക്കുന്നതിൽ ഏറെ സന്തോഷമുണ്ടെന്ന് ഇൻസ്പയർ ബ്രാൻഡ്സ് ഇന്റർനാഷണൽ പ്രസിഡന്റും മാനേജിങ് ഡയറക്ടറുമായ മൈക്കൽ ഹേലി പറഞ്ഞു. 30 വർഷത്തിലേറെയായി ഈ മേഖലയിൽ ശക്തമായ ഫ്രാഞ്ചൈസിയായി ഒപ്പം നിന്നതിന് ഗ്രാവിസ് ഫുഡ്സിന് നന്ദി അറിയിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇത് ഞങ്ങൾക്ക് ആവേശകരമായ ദിവസമാണെന്ന് ഗ്രാവിസ് ഗ്രൂപ്പ് ചെയർമാൻ ഗൗരവ് ഘായ് അഭിപ്രായപ്പെട്ടു. ആയിരം സ്റ്റോറെന്ന നാഴികക്കല്ല്, ഈ വിപണിയിലെ ഞങ്ങളുടെ പങ്കിട്ട മൂല്യങ്ങളെയും ആഴത്തിലുള്ള പ്രതിബദ്ധതയെയും അസാമാന്യമായ കൃത്യനിർവഹണത്തെയും പ്രതിഫലിപ്പിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

## ആംഫി ദേശീയതല പരിപാടികൾ സംഘടിപ്പിക്കും

**കൊച്ചി:** നിക്ഷേപക ബോധവൽക്കരണത്തിനായും സാമ്പത്തിക സാക്ഷരത വളർത്തുന്നതിനായുമുള്ള ദേശീയ പരിപാടികൾക്ക് അസോസിയേഷൻ ഓഫ് മ്യൂചൽ ഫണ്ട് ഇൻ ഇന്ത്യ (ആംഫി) തുടക്കം കുറിക്കും. മ്യൂചൽ ഫണ്ടുകളെ കുറിച്ചുള്ള ബോധവൽക്കരണം വർധിപ്പിക്കുന്നതിനായി സംഘടിപ്പിക്കുന്ന 'ഭാരത് നിവേശ് യാത്ര' 170 പട്ടണങ്ങളിലൂടെ സഞ്ചരിക്കും. 8 മുതൽ 12 വരെ ക്ലാസുകളിലുള്ള കുട്ടികൾക്കായുള്ള ഭാരത് നിവേഷ് യങ് മൈൻഡ്സ് എസ്സേ മൽസരമാണ് രണ്ടാമത്തെ പരിപാടി.

## ലുലുവിൽ ഗ്രാൻഡ് ടെക് സെയിൽ

**കൊച്ചി :** മൂന്ന് ദിവസം നീളുന്ന ബിഗ് ഡേയ്സ് ടെക് സെയിലിന് ലുലു മാളിലെ ലുലു കണക്ട്ടിൽ തുടക്കമായി. ഇലക്ട്രോണിക്സ് ഉത്പന്നങ്ങളുടെ പുത്തൻ ശേഖരവും ഓഫറുകളാണ് ടെക് സെയിലിലുള്ളത്. റെഫ്രിജറേറ്റർ, വാഷിങ്ങ് മെഷീൻ, മിക്സി ഗ്രൈൻഡർ, വീട്ടുപകരണങ്ങൾ എന്നിവയ്ക്കും ഓഫറുകളുണ്ട്. ഇലക്ട്രോണികസ് ഉത്പന്നങ്ങളുടെ ലോകത്തെ വിവിധയിടങ്ങളിൽ നിന്നുള്ള നവീനമായ ശേഖരമാണ് ടെക് ഫെസ്റ്റിന്റെ ഭാഗമായി അവതരിപ്പിച്ചിരിക്കുന്നത്. ബ്രാൻഡഡ് ഉത്പന്നങ്ങളുടെ വൈവിധ്യമാർന്ന ശേഖരവുമൊരുക്കിയിട്ടുണ്ട്. ലാപ്പ്ടോപ്പ്, മൊബൈൽ ഫോണുകൾ എന്നിവയ്ക്കായി പ്രത്യേകം ഓഫറുകളുമുണ്ട്. പ്ലേ സ്റ്റേഷനുകൾ അടക്കം ഗെയിമിങ്ങ് സെക്ഷനിലും മികച്ച നിരക്കാണ് ഉറപ്പാക്കിയിരിക്കുന്നത്. ലുലു കണക്ട്ടിൽ സെപ്റ്റംബർ 29 വരെയാണ് ഗ്രാൻഡ് ടെക് സെയിൽ.


# ഡോ. ജവാദ് ഹസ്സന്റെ ആത്മകഥ 'ദി ആർട്ട് ഓഫ് ദി പോസ്സിബിൾ' പ്രകാശനം ചെയ്തു

**കൊച്ചി:** നെസ്റ്റ് ഗ്രൂപ്പിൻറെ സ്ഥാപക ചെയർമാനും, ഇരുപതിലധികം ഐ.പി കളുടെ രചയിതാവുമായ ഡോ. ജവാദ് ഹസ്സന്റെ ആത്മകഥ 'ദി ആർട്ട് ഓഫ് ദി പോസ്സിബിൾ' സാം പിട്രോഡ പ്രകാശനം ചെയ്തു.

കേരളത്തിൽ നിന്ന് സാധാരണ ചുറ്റുപാടുകളിൽ നിന്ന് യു എസിലെത്തി മികച്ച വിജയങ്ങൾ കൊയ്ത അദ്ദേഹത്തിൻറെ 82 വർഷങ്ങളാണ് പുസ്തകത്തിൻറെ അടിസ്ഥാനമെന്ന് സാം പിട്രോഡ പറഞ്ഞു.

.കേവലം ഒരു വ്യവസായിയുടെ ആത്മകഥ മാത്രമല്ല ഈ പുസ്തകം മറിച്ച് സംരംഭകത്വ പാഠങ്ങളുടെ ഒരു സഞ്ചയമാണ്. തോൽവികളിൽ പതറാതെ വിജയത്തിന് വേണ്ടി നിരന്തരം പരിശ്രമിച്ച ഡോ ജവാദ് ഹസ്സൻറെ ജീവിതം വരും തലമുറയിലെ സംരംഭകർക്കും, വ്യവസായികൾക്കും ഒരു വലിയ പാഠപുസ്തകമായിരിക്കും. അവരെയൊക്കെ പ്രചോദിപ്പിക്കാൻ കഴിയുന്ന ഒരു ജീവിതപുസ്തകമാണ് ഈ ആത്മകഥയെന്നും സാം പിട്രോഡ പറഞ്ഞു.

കേരളത്തിലെ പോലീസ് ഓഫീസർ ആയിരുന്ന നാഗൂർ റാവുത്തരുടേയും, വ്യവസായിയായിരുന്ന മക്കാർപിള്ളയുടെ മകൾ ഖദീജാ ബീവിയുടേയും മൂത്തമകനായിട്ടാണ് ജവാദ് ഹസ്സൻറെ ജനനം. പഠനത്തിന് ശേഷമാണ് ലോക് സാങ്കേതികവിദ്യയുടെ ഈറ്റില്ലമായ അമേരിക്കയിലെത്തി അദ്ദേഹം വിജയവഴികൾ



കണ്ടെത്തുന്നത്. തീക്ഷണമായ അനുഭവങ്ങളിലൂടെ അത്യദ്ധ്വാനം കൊണ്ട് മാത്രം ഉയർത്തിയെടുത്ത അദ്ദേഹത്തിലെ വ്യവസായിയുടെയും മനുഷ്യൻറെയും കഥ പറയുന്നതാണ് ഈ പുസ്തകം. സംരംഭകത്വ ശ്രമങ്ങൾക്ക് വലിയ പിന്തുണ ലഭിക്കാത്ത കാലത്താണ് വേറിട്ട വഴിയിലൂടെ അദ്ദേഹം തൻറെ ശ്രമങ്ങൾ നടത്തിയത്. ഫൈബർ ഒപ്റ്റിക്സ്, സോഫ്റ്റ്വെയർ, ആരോഗ്യരംഗം, ഐ ടി, ഡിജിറ്റൽ മീഡിയ തുടങ്ങിയ വ്യവസായങ്ങളെ പുനർരൂപ കല്പന ചെയ്തു കൊണ്ട് ഒരു ഡസനിലധികം കമ്പനികൾ അദ്ദേഹം വിജയത്തിലേക്ക് നയിച്ചിട്ടുണ്ട്.

ഒരു സംരഭകനെന്ന നിലയിൽ ഏറെ വെല്ലുവിളികൾ നിറഞ്ഞ കാലത്തിലൂടെ സഞ്ചരിച്ച്, ലോകപ്രശസ്തമായ ഐബിഎം, എഎംപി എന്നിവിടങ്ങളിലെ നേതൃത്വപരമായ വിവിധ സ്ഥാനമാനങ്ങൾ കൈകാര്യം ചെയ്തിട്ടുണ്ട്. കേരളത്തോടുള്ള അടങ്ങാത്ത സ്നേഹവും പ്രതിബദ്ധതയുടെയും ഫലമായാണ് അദ്ദേഹം അനുജൻ ജഹാൻഗിറിനൊപ്പം ചേർന്ന് മൂന്ന് പതിറ്റാണ്ടു മുൻപ് കേരളത്തിൽ നെസ്റ്റ് ഗ്രൂപ്പ് തുടങ്ങുന്നത്. വിവിധ ഭൂഖണ്ഡങ്ങളിലായി നെസ്റ്റ് ഗ്രൂപ്പിൻറെ കീഴിൽ വ്യത്യസ്തമായ ടെക്നോളജി കമ്പനികൾ രൂപപ്പെടുത്തിയെടുക്കുന്നതിൽ അദ്ദേഹം ഇക്കാലയളവിൽ സുപ്രധാന പങ്ക് വഹിച്ചു.




# ഇന്ത്യൻ കോൺക്രീറ്റ് ഇൻസ്റ്റിറ്റ്യുട്ട് ദ്വിദിന ദേശീയ ശിൽപശാലയ്ക്ക് തുടക്കം

**കൊച്ചി:** കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കുന്ന നിർമിതികളും മാസ്റ്റർ പ്ലാനുകളുമാണ് കേരളത്തിന് യോജിച്ചതെന്ന് കൊച്ചി മേയർ എം. അനിൽകുമാർ. ഇന്ത്യൻ കോൺക്രീറ്റ് ഇൻസ്റ്റിറ്റ്യൂട്ട് (ഐസിഐ) സംഘടിപ്പിക്കുന്ന ദ്വിദിന ദേശീയ ശിൽപശാല ഉദ്ഘാടനം ചെയ്ത സംസാരിക്കുകയായിരുന്നു അദ്ദേഹം. കാലാവസ്ഥ പ്രവചനാതീതമാകുന്ന സാഹചര്യത്തിൽ നിർമാണങ്ങളിൽ കൂടുതൽ ജാഗ്രത പുലർത്തണം. ഇതിനായി എഞ്ചിനീയർമാരും ബ്യുറോക്രാറ്റുകളും ടെക്നോക്രാറ്റുകളും ഒന്നിച്ച് പ്രവർത്തിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഐസിഐ കൊച്ചി ചെയർമാൻ ഡോ.അനിൽ ജോസഫ് അധ്യക്ഷത വഹിച്ചു. എറണാകുളം സബ് കലക്റ്റർ കെ.മീര മുഖ്യാതിഥിയായിരുന്നു. വയനാട് ദുരന്തം വേദനാജനകമാണെങ്കിലും അതിൽ നിന്ന് ഒട്ടേറെ പാഠങ്ങൾ പഠിക്കാനുണ്ടെന്ന് അവർ ചൂണ്ടിക്കാട്ടി. ഭൂമിശാസ്ത്രപരമായ പ്രത്യേകത കണക്കിലെടുത്ത് വേണം കേരളത്തിന്റെ ഭാവി വികസന പദ്ധതികളും അടിസ്ഥാന സ്കറിയ വികസനവും നടപ്പാക്കാനെന്നും അവർ പറഞ്ഞു. ഐസിഐ കൊച്ചി വൈസ് ചെയർമാൻ ഡോ. എൽസൺ ജോൺ, സെക്രട്ടറി ജനറൽ ആർ. രാധാകൃഷ്ണൻ, ഐസിഐ പ്രസിഡന്റ് പാർഥ ഗംഗോപാധ്യായ്, നിയുക്ത പ്രസിഡന്റ് ഡോ.വി. രാമചന്ദ്ര, ഐസിഐ കൊച്ചി ഓണററി സെക്രട്ടറി ഷൈജു നായർ എന്നിവർ പ്രസംഗിച്ചു. തുടർന്ന് വിവിധ സെഷനുകൾ നടന്നു.

# ലോക ഹൃദയദിനം: നിർദേശവുമായി വിദഗ്ധർ

**കൊച്ചി:** ഹൃദയാരോഗ്യത്തിന്റെ പ്രാധാന്യത്തെ ഓർമിപ്പിച്ച് സെപ്റ്റംബർ 29ന് ലോക ഹൃദയദിനാചരണം.

ദൈനംദിന ഭക്ഷക്രമത്തിൽ ബദാം പോലുള്ള ആരോഗ്യകരമായ ഭക്ഷണങ്ങൾ ഉൾപ്പെടുത്തുക എന്നതാണ് ഹൃദയാരോഗ്യത്തെ പിന്തുണയ്ക്കുന്നതിനുള്ള ഏറെ ഫലപ്രദമായ ഒരു മാർഗമെന്ന് വിദഗ്ധർ പറയുന്നു. പ്രതിദിനം 42 ഗ്രാം ബദാം കഴിക്കുന്നത് നിരവധി ഹൃദ്രോഗ സാധ്യത ഘടകങ്ങളെ മെച്ചപ്പെടുത്തുമെന്ന് അമേരിക്കൻ ഹാർട്ട് അസോസിയേഷന്റെ ജേണലിൽ പ്രസിദ്ധീകരിച്ച ഒരു പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്.

ബദാം കഴിക്കുന്നത് ഹൃദ്രോഗത്തിലേക്ക് നയിക്കുന്ന അപകട ഘടകങ്ങളായ വയറിലെ കൊഴുപ്പ്, അരക്കെട്ടിന്റെ വണ്ണം എന്നിവ കുറയ്ക്കുകയും ചെയ്യുമെന്നും പഠനത്തിൽ ചൂണ്ടിക്കാട്ടിയിരുന്നു.

ഹൃദ്രോഗത്തിനെതിരായ പോരാട്ടത്തിൽ ശക്തമായ പങ്കാണ് ബദാം വഹിക്കുന്നതെന്നും, പ്രോട്ടീൻ, ആരോഗ്യകരമായ കൊഴുപ്പുകൾ, സിങ്ക്, ഡയറ്ററി ഫൈബർ, മഗ്നീഷ്യം, പൊട്ടാസ്യം എന്നിവയുൾപ്പെടെ 15 അവശ്യ പോഷകങ്ങളുള്ള ബദാം ഹൃദയാരോഗ്യ ഗുണങ്ങൾക്കും പേരുകേട്ടതാണെന്നും ന്യൂട്രീഷൻ ആൻഡ് വെൽനസ് കൺസൾട്ടന്റ് ഷീല കൃഷ്ണസ്വാമി പറഞ്ഞു.

# എം എസ് ധോണി ശേഖരവുമായി മെൻ ഓഫ് പ്ലാറ്റിനം

**കൊച്ചി :** വൈവിധ്യമാർന്നതും സ്റ്റൈലിഷുമായ പുതിയ എം എസ് ധോണി ശേഖരവുമായി മെൻ ഓഫ് പ്ലാറ്റിനം കളക്ഷൻ.പ്ലാറ്റിനം ചെയിനുകൾ,കൈത്തണ്ടയിൽ അണിയുന്നവ, കഴുത്തിൽ അണിയുന്നവ, മോതിരങ്ങൾ എന്നിവ ഉൾപ്പെടെ വിപുലമായ ഡിസൈനുകളാണ് വാഗ്ദാനം ചെയ്യുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

# ഇൻഫോപാർക്കിലെ ടെഡ് എക്സ് പരിപാടി ഇന്ന്




**കൊച്ചി:** പ്രചോദന പ്രഭാഷണ പരിപാടിയായ ടെഡ്എക്സ് ഇന്ന് ഇൻഫോപാർക്കിൽ നടക്കും. ഇൻഫോപാർക്കും കൊച്ചി ശാസ്ത്ര സാങ്കേതികസർവകലാശാല(കുസാറ്റ്)യും ചേർന്നാണ് പരിപാടി സംഘടിപ്പിക്കുന്നത്.

രാവിലെ ഒമ്പത് മുതൽ നാല് വരെ ഇൻഫോപാർക്ക് ഫേസ് ഒന്നിലെ അതുല്യ ഓഡിറ്റോറിയത്തിലാണ് ടെഡ്എക്സ് കുസാറ്റ് 2024 എന്ന പരിപാടി നടക്കുന്നത്. ഇൻഫോപാർക്കിൻറെ 20 ാം വാർഷികാഘോഷ പരിപാടികളുടെ ഭാഗമായാണ് ടെഡ് എക്സ് പ്രഭാഷണം സംഘടിപ്പിക്കുന്നത്. അടുത്തിടെ വിരമിച്ച സംസ്ഥാന ചീഫ് സെക്രട്ടറി ഡോ. വേണു വി അടക്കമുള്ള പ്രമുഖരാണ് പ്രഭാഷണ പരമ്പര നയിക്കുന്നത്. പിന്നണി ഗായകൻ അരവിന്ദ് വേണുഗോപാൽ, എഴുത്തുകാരിയും സാമൂഹ്യപ്രവർത്തകയുമായ അനിമ നായർ, സിനിമാ താരം അനന്തരാമൻ അജയ്, ഓട്ടോമോട്ടീവ് മാധ്യമപ്രവർത്തകൻ ഹാനി മുസ്തഫ, കുസാറ്റ് മുൻ ഡീൻ പി ആർ പൊതുവാൾ, ചലച്ചിത്ര നടി സിദ്ധി മഹാജൻകാട്ടി എന്നിവരും പരമ്പരയിൽ സംസാരിക്കും.രജിസ്റ്റർ ചെയ്തതിനു ശേഷം സംഘാടകരുടെ ഇമെയിൽ ലഭിച്ചവർക്ക് മാത്രമായിരിക്കും പങ്കെടുക്കാനുള്ള അനുമതിയുള്ളത്.




# ഉത്കർഷ് സ്മോൾ ഫിനാൻസ് ബാങ്ക് ആലപ്പുഴയിൽ

**ആലപ്പുഴ:** ഉത്കർഷ് സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡ് (ഉത്കർഷ് എസ്എഫ്ബിഎൽ) ആലപ്പുഴയിൽ പുതിയ ഔട്ട്ലൈറ്റ് ഉദ്ഘാടനം ചെയ്തു. ഇതോടെ കേരളത്തിൽ ഉത്കർഷ് സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡിന്റെ ആകെ ബാങ്കിങ് ഔട്ട്ലെറ്റുകളുടെ എണ്ണം ഒൻപതായി ഉയർന്നു. രാജ്യത്തുടനീളം 966 ബാങ്കിങ് ഔട്ട്ലെറ്റുകളാണ് ഉത്കർഷ് എസ്എഫ്ബിഎലിനുള്ളത്. മനോഹരമായ കായലുകൾക്കും കയർ വ്യവസായത്തിനും പേരുകേട്ട സ്ഥലമാണ് ആലപ്പുഴ. ഞങ്ങളുടെ ബാങ്കിങ് ഊർജസ്വലമായ ഈ പ്രദേശത്തേക്ക് വ്യാപിപ്പിക്കുന്നതിൽ അതിയായ സന്തോഷമുണ്ടെന്ന് ഉത്കർഷ് സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡിന്റെ എംഡിയും സിഇഒയുമായ ഗോവിന്ദ് സിങ് പറഞ്ഞു. സേവിങ്സ്, കറന്റ് അക്കൗണ്ടുകൾ, ഫിക്സഡ് ഡിപ്പോസിറ്റുകൾ, റിക്കറിങ് ഡെപ്പോസിറ്റ് എന്നിവ ഉൾപ്പെടുന്ന സാമ്പത്തിക ഉൽപന്നങ്ങളുടെയും സേവനങ്ങളുടെയും ഒരു നിര തന്നെയാണ് ഉപഭോക്താക്കൾക്ക് ബാങ്ക് വാഗ്ദാനം ചെയ്യുന്നത്.

# റോൾസ് റോയ്സ് കള്ളിനൻ സീരീസ് ഇന്ത്യയിൽ

**കൊച്ചി:** റോൾസ് റോയ്സിന്റെ ഏറ്റവും പുതിയ ആഡംബര എസ്‌യുവി കള്ളിനൻ സീരീസ് II ഇന്ത്യയിൽ ആദ്യമായെത്തുന്നു. കള്ളിനൻ സീരീസ് IIന്റെ ഇന്ത്യയിലെ അരങ്ങേറ്റം ഏഷ്യാ പസഫിക് മേഖലയിൽ റോൾസ് റോയ്സിന്റെ ഒരു സുപ്രധാന നാഴികക്കല്ലാണെന്ന് റോൾസ് റോയ്സ് മോട്ടോർ കാർസ് ഏഷ്യപസഫിക് റീജിയണൽ ഡയറക്ടർ ഐറിൻ നിക്കെയ്ൻ പറഞ്ഞു.2018ൽ ആദ്യമായി അവതരിപ്പിച്ചതു മുതൽ ഈ കാറിന് യുവാക്കളും വൈവിധ്യമാർന്നതുമായ ഒരു പറ്റം ഉപഭോക്താക്കളെ ആകർഷിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇന്ന് ഏറ്റവും കൂടുതൽ ആവശ്യക്കാരുള്ള റോൾസ് റോയ്സ് മോഡൽ കൂടിയാണ് കള്ളിനൻ. പുതിയ കള്ളിനൻ സീരീസ് II ഏറ്റവും പുതിയ സാങ്കേതികവിദ്യകളുടേയും സൂക്ഷ്മമായ ഡിസൈൻ പുതുമകളുടേയും സമന്വയമാണ്. കൂടാതെ ഉപഭോക്താവിന്റെ ഇഷ്ടാനുസരണം കസ്റ്റമൈസ് ചെയ്യാനുള്ള അവസരങ്ങളുമുണ്ടെന്നും ഐറിൻ നിക്കെയ്ൻ പറഞ്ഞു.



ലോകത്തെ ആദ്യ സൂപ്പർ ലക്ഷുറി എസ്‌യുവി എന്ന വിശേഷണവുമായി 2018ലാണ് ആദ്യമായി കള്ളിനൻ അവതരിപ്പിക്കപ്പെട്ടത്. പ്രകടനത്തിന്റെ കാര്യത്തിലും എഞ്ചിനീയറിംഗിലും ഭൂമിയിലെ ഏതു പ്രതികൂല സാഹചര്യങ്ങളിലും മികവ് പുലർത്തുന്ന ഓഫ് റോഡ് ശേഷി ഉണ്ടായിരിക്കണമെന്നതായിരുന്നു ഈ എസ് യു വിയിലൂടെ റോൾസ് റോയ്സ് ലക്ഷ്യമിട്ടത്. അതേസമയം ഏതു തരം പാതയിലും സമാനതകളില്ലാത്ത യാത്രാ സുഖം നൽകുന്ന 'മാജിക് കാർപെറ്റ് റൈഡ്' എന്ന റോൾസ് റോയ്സിന്റെ സവിശേഷത ഉറപ്പാക്കുകയും വേണമായിരുന്നു. പരുഷവും എന്നാൽ പരിഷ്കൃതവും, കരുത്തുറ്റതും എന്നാൽ ശാന്തവും, എല്ലായിടത്തും അനായാസം ഡ്രൈവ് ചെയ്യാവുന്നതുമായ തീർത്തുമൊരു സൂപ്പർ ലക്ഷുറി എസ് യു വിയിൽ കുറഞ്ഞതൊന്നുമായിരുന്നില്ല അത്. കള്ളിനന്റെ വിജയം ലോകത്തൊട്ടാകെ റോൾസ് റോയ്സിന്റെ പ്രതീക്ഷകളെ മറികടക്കുന്നതായിരുന്നു. ഇന്ന് ഏറ്റവും കൂടുതൽ ആവശ്യക്കാരുള്ള റോൾസ് റോയ്സ് കാറാണ് കള്ളിനൻ എന്നും അദ്ദേഹം പറഞ്ഞു.റോൾസ് റോയ്സ് മോട്ടോർ കാർസ് ചെന്നൈയിലും ന്യൂഡൽഹിയിലുമാണ് കള്ളിനന്റെ പുതിയ മോഡലുകൾ ലഭ്യമാകുക. കള്ളിനൻ സീരീസ് II, ബ്ലാക്ക് ബാഡ്ജ് കള്ളിനൻ സീരീസ് II എന്നീ രണ്ട് വേരിയന്റുകളാണുള്ളത്. കള്ളിനൻ സീരീസ് കകന്റെ ഇന്ത്യയിലെ വില ആരംഭിക്കുന്നത് 10.50 കോടി രൂപ മുതലാണ്. ബ്ലാക്ക് ബാഡ്ജ് കള്ളിനൻ സീരീസ് കകന്റെ വില ആരംഭിക്കുന്നത് 12.25 കോടി രൂപ മുതലാണ്. ഈ വർഷം അവസാന പാദത്തോടെ ഡെലിവറി ആരംഭിക്കും. ഉപഭോക്താക്കളുടെ സവിശേഷ ആവശ്യങ്ങൾക്കനുസരിച്ചാണ് റോൾസ് റോയ്സ് വില നിശ്ചയിക്കുന്നത്.

# മികച്ച വിനോദസഞ്ചാര ഗ്രാമ മത്സരം: കേരളത്തിന് രണ്ട് പുരസ്ക്കാരം

***ഉത്തരവാദിത്വ ടൂറിസത്തിൽ കടലുണ്ടിയും, കാർഷിക ടൂറിസത്തിൽ കുമരകവും മികച്ച ഗ്രാമങ്ങൾ**

ന്യൂഡൽഹി : ലോക വിനോദസഞ്ചാര ദിനത്തോടനുബന്ധിച്ച്, 2024 ലെ മികച്ച വിനോദസഞ്ചാര ഗ്രാമങ്ങൾക്കായുള്ള മത്സരത്തിലെ വിജയികളെ കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചു..കേരളത്തിന് രണ്ട് പുരസ്കാരങ്ങൾ ലഭിച്ചു. ഉത്തരവാദിത്വ ടൂറിസത്തിൽ കടലുണ്ടിയും , കാർഷിക ടൂറിസത്തിൽ കുമരകവും മികച്ച ഗ്രാമങ്ങളായി തിരഞ്ഞെടുക്കപ്പെട്ടു.

ഇന്ത്യയുടെ ആത്മാവിലേക്കുള്ള (ഇന്ത്യയുടെ ഗ്രാമങ്ങൾ) വിനോദസഞ്ചാരത്തെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യവുമായി മികച്ച വിനോദസഞ്ചാര ഗ്രാമങ്ങളെ കണ്ടെത്തുന്നതിനുള്ള മത്സരം 2023ലാണ് ആരംഭിച്ചത്. സാമൂഹ്യ അടിസ്ഥാനത്തിലുള്ള മൂല്യങ്ങളിലൂടെയും സുസ്ഥിരതയ്ക്കുള്ള പ്രതിബദ്ധതയിലൂടെയും സാംസ്കാരികവും പ്രകൃതിദത്തവുമായ ആസ്തികൾ സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഗ്രാമങ്ങളെ തിരിച്ചറിയുകയും അംഗീകരിക്കുകയും ചെയ്യുക എന്നതിനായിരുന്നു ഊന്നൽ നൽകിയത്.2023ൽ മികച്ച ടൂറിസം ഗ്രാമങ്ങൾക്കായുള്ള മത്സരത്തിന്റെ ആദ്യ പതിപ്പിൽ 795 ഗ്രാമങ്ങളിൽ നിന്നുള്ള അപേക്ഷകൾ ലഭിച്ചു. മികച്ച ടൂറിസം വില്ലേജുകളുടെ മത്സരത്തിന്റെ രണ്ടാം പതിപ്പിൽ, 30 സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്ര ഭരണ പ്രദേശങ്ങളിൽ നിന്നുമായി ആകെ 991 അപേക്ഷകൾ ലഭിച്ചു. അതിൽ 36 ഗ്രാമങ്ങൾ 2024 ലെ മികച്ച വിനോദ സഞ്ചാര ഗ്രാമങ്ങളുടെ മത്സരത്തിന്റെ 8 വിഭാഗങ്ങളിലായി വിജയികളായി തിരഞ്ഞെടുക്കപ്പെട്ടു

# ഇകൊമേഴ്സ് കയറ്റുമതി പ്രോത്സാഹന പ്രോഗ്രാം സംഘടിപ്പിച്ച് ഡിജിഎഫ്ടി

കൊച്ചി: ഡയറക്ടറേറ്റ് ജനറൽ ഓഫ് ഫോറിൻ ട്രേഡ് കൊച്ചി ഓഫീസ് ജെയിൻ യൂണിവേഴ്സിറ്റിയുമായി ചേർന്ന് ഇകൊമേഴ്സ് കയറ്റുമതി പ്രോത്സാഹന പരിപാടി നടത്തി. പരിപാടിയിൽ 140ലധികം കയറ്റുമതിക്കാരും ജെയിൻ യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികളും പങ്കെടുത്തു. കസ്റ്റംസ്, ഇന്ത്യ പോസ്റ്റ്, ഇസിജിസി, എഫ്ഐഇഒ, ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ്, ആമസോൺ ഗ്ലോബൽ സെല്ലിംഗ്, ഡിഎച്ച്എൽ, ഫെഡറൽ ബാങ്ക് തുടങ്ങി വിവിധ വകുപ്പുകളും ഏജൻസികളും ഇകൊമേഴ്സ് കയറ്റുമതിയുമായി ബന്ധപ്പെട്ട വിവിധ സെഷനുകൾ കൈകാര്യം ചെയ്യുകയും പങ്കെടുക്കുകയും ചെയ്തു.കസ്റ്റംസ് കമ്മീഷണർ കെ.പത്മാവതി മുഖ്യാതിഥിയായിരുന്നു. ഡി.ശ്രീധർ (അഡീഷണൽ ഡിജിഎഫ്ടി,കൊച്ചി) ,ബിഐഎസ് ജോയിന്റ് ഡയറക്ടർ സന്ദീപ് എസ് കുമാർ,ജെയിൻ സർവകലാശാല ജോയിന്റ് പരീക്ഷാ കൺട്രോളർ ഡോ.കെ.മധുകുമാർ, എൻ.എ ഹസ്സൻ ഉസൈദ(അസി. ഡിജിഎഫ്ടി, കൊച്ചി) തുടങ്ങിയവർ സംസാരിച്ചു. കയറ്റുമതിക്കാരുടെ വിവിധ സംശയങ്ങൾക്കായി ചോദ്യോത്തര പരിപാടിയും നടന്നു. ആമസോണിന്റെയും ഡിഎച്ച്എല്ലിന്റെയും പ്രതിനിധികൾ, വളർന്നുവരുന്ന കയറ്റുമതിക്കാർക്ക് ഇകൊമേഴ്സ് കയറ്റുമതിക്കായി വേണ്ട മാർഗനിർദേശം നൽകി.







RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com